ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇപ്പോഴത്തെ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നുള്ള ഒരു പ്രമേയം വന്നിരിക്കുകയാണ്. അതു വരുന്ന വ്യാഴാഴ്ച വാദപ്രതിവാദത്തിനു വച്ചിരിക്കുകയാണ്. ഭരണം അക്കാണ്ടു പുരോൻപോകുന്നതു എന്നു അറിയാത്ത നിലയിലാണ് ഇപ്പോൾ ഇരിക്കുന്നതു്. അതുകൊണ്ടു അതു കഴിഞ്ഞിട്ടു സപ്ലിമെന്ററി ഗ്രാന്റ് അനുവദിക്കുന്നതല്ലേ ശരി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞങ്ങൾ പോകുകയാണെങ്കിൽ ഈ പണവും കൂടെ കൊണ്ടുപോകുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതിനെക്കുറിച്ചു നിങ്ങൾക്കു സംശയമില്ല. പക്ഷേ മറ്റു പലർക്കും സംശയമുണ്ട്.

ശ്രീ. ടി. കെ. മാധവൻ: സപ്ലിമെന്ററി ഗ്രാന്റ് മാറ്റിവച്ചിട്ടു ലെജിസ്ലേറ്റീവു ബിസിനസ്സ് എടുത്താൽ കൊള്ളാം.

മി. സ്പീക്കർ: അജൻഡയിലെ പ്രോഗ്രാം മാറ്റണമെന്നതിനു സഭയുടെ അനുവാദം ആവശ്യമാണ്. അതു് ഇപ്പോൾ മാറ്റുകയാണെങ്കിൽ അതുകൂടെ പ്രോഗ്രാം എല്ലാം കുഴയും. അതിനാൽ സപ്ലിമെന്ററി ഗ്രാന്റ് ഇപ്പോൾ മൂവ് ചെയ്യാവുന്നതാണ്.

DEMANDS FOR SUPPLEMENTARY GRANTS.

Demand I—13. Other Taxes and Duties.

Chief Minister (SHRI PANAMPILLI GOVINDA MENON : Sir, I move for a supplementary grant of Rs. 42,200 under Demand I—13.Other Taxes and Duties.

Home Minister (SHRI A. J. JOHN): I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിന്റെ ഏറ്റവും പ്രധാനമായിട്ടുള്ളതു് കളക്ഷൻചാർജ്ജസ്സ് ആണ്. പുതിയ നിയമസഭയിലാണ് ജനറൽ സെയിൽസ്ടാക്സ് ആക്ട് അമൻഡുചെയ്തു സെയിൽസ് ടാക്സിനു സെപ്പറേറ്റ് ട്രിബ്യൂണൽ വയ്ക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിനടത്തുന്നതിനു മുതിനായിരത്തിരുപ ആവശ്യമാണ്. അതു് ആദ്യത്തെ സ്റ്റാറിൽ കൊള്ളിക്കാൻ സാധിക്കാത്തതു്, ഈ നിയമം പിന്നെ വന്നതുകൊണ്ടാണ്. മറ്റൊന്നു് സെയിൽസ് ടാക്സ് ബിൽഡിംഗുകളുടെ റെന്റ് കൊടുക്കുന്നതിനു് ഒറിജിനൽ ഗ്രാന്റിൽ കൊള്ളിച്ചിരിക്കുന്ന തുക പോരാതെ വന്നു. അതോടുകൂടി 1952-ൽ അസിസ്റ്റന്റ് കമ്മീഷണരുടെ തസ്തിക 450 രൂപ മുതൽ 750 രൂപവരെ ആക്കിയ ഇനത്തിൽ അല്പംകൂടി പണം വേണം. ഈ സംഖ്യ അനുവദിച്ചുതരണം.

SHRI A. THANU PILLAI: Sir, I wish to get some information. Why was the advance increment granted from 22-11-1952 to the Deputy Sales Tax Commissioner? What was the necessity or occasion for it?

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: He was on Rs. 350-450 scale drawing Rs. 450. Then his scale was raised to Rs. 450–750. Under the rules laid down in G. O. dated 7-7-1955 he had to be given one increment and that was the precedent in all such cases. One of the rules laid down was that when an officer on Rs. 350 to 450 is put on Rs. 450 to 750 he should be given one advance increment

SHRI A. THANU PILLAI: The increment is due from the date of raising of the pay. Only that has to be given. The order sanctioning the increment was dated the 22nd November 1952 and an additional grant of Rs. 2,200 is necessary on this account. This is what I find in the note. Is it on account of the increment calculated with effect from 22-11-52 or is it on the basis of the principle that with effect from the date on which the pay was raised he should be given the increment that would be given on the basis of the service in a particular grade?

SHRI PANAMPILLI GOVINDA MENON: The pay was raised on that date.

SHRI A. THANU PILLAI: Is this amount required for payment of increment from 22-11-52 or from 7–7–55?

SHRI PANAMPILLI GOVINDA MENON: From 22-11-52.

SHRI A. THANU PILLAI: Arrears of advance increment have also to be given?

SHRI PANAMPILLI GOVINDA MENON: Yes.

SHRI A. THANU PILLAI: I wish to make myself more correctly understood. That is to say, if the pay is to be raised from 350-450 to 450-750, is increment sanctioned on the basis of the period for which the officer held that post? In a case like this, is the increment to be sanctioned from the date of the order raising the pay or from the date of his appointment. *Eg*; If for every two years one advance increment is sanctioned and the officer is in a particular grade for 6 years, I can understand 3 increments being given with effect from the date of the order raising the pay. Will he be given increment for the 6 preceding years as well. That is what I understand from this note. I would like to get a clarification.

SHRI PANAMPILLI GOVINDA MENON: His scale was raised in 1952. When the scale was raised his initial pay was not fixed.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഹാർമിസ്: ബ്രിഡ്ജിംഗ് കോഴ്സ് റെന്റ് കൊടുക്കുന്നതിനുള്ള തുക ബഡ്ജറ്റിൽ കൊള്ളിക്കുകയല്ലേ നല്ലത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപ്പോൾ കൊണ്ടുവിച്ചിരുന്നത് പോരാതെ വന്നതുകൊണ്ടാണ്.

ശ്രീ. പി. വിശ്വംഭരൻ: സർ, ഞാൻ ഈ ഡിമാൻഡിനെ എതിർക്കുകയാണ്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞതു ഈ ധനാഭ്യർത്ഥന രൂപം അനുസരിച്ച് ഡെപ്യൂട്ടി കമ്മീഷണർക്ക് കൊടുക്കുവാനുള്ള ഇൻക്രിമെന്റ് കൊടുക്കാനാണെന്നു്. പക്ഷേ, ഇവിടെ കൊടുത്തിട്ടുള്ള വിശദീകരണമനുസരിച്ച് അദ്ദേഹത്തിന്റെ ശമ്പളം 450 മുതൽ 750 ആയി വർദ്ധിപ്പിച്ചതു് 7-7-1955-ലെ ഓർഡർ അനുസരിച്ചാണ്. അങ്ങനെ 7.7.1955. ലെ ഓർഡർ അനുസരിച്ചു ശമ്പളം വർദ്ധിപ്പിച്ചതിനുശേഷം 22-11-1952 മുതൽ ഈ ശമ്പളം കൊടുക്കാനാണു തീരുമാനിച്ചതു്. അതായതു്, മൂന്നു കൊല്ലത്തെ പൂർവ്വകാലപ്രാബല്യത്തോടുകൂടി ശമ്പളം വർദ്ധിപ്പിച്ചിരിക്കുന്നു. ഇതു് ഒരു വ്യക്തിയെ പ്രീണിപ്പിക്കുവാനുള്ള നടപടിയാണ്. മുഖ്യമന്ത്രി പറഞ്ഞതുപോലെ രൂപം അനുസരിച്ചാണെങ്കിൽത്തന്നെയും ശമ്പള വർദ്ധനവു് കൊടുത്താൽ മതിയാകും. രണ്ടുമൂന്നു കൊല്ലത്തിനുമുൻപുമുതൽ കൂട്ടിക്കൊടുക്കുന്നതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല. ഇന്നത്തെ ഡെപ്യൂട്ടികമ്മീഷണരെ വ്യക്തിപരമായി സഹായിക്കാനുള്ള ഒരു നടപടിയാണിതെന്നുള്ളതു് വളരെ വ്യക്തമാണ്. ആ ഉദ്യോഗസ്ഥൻ ഉദ്യോഗകാലാവധി അവസാനിച്ച ഒരാളാണ്. ഈ അടുത്ത കാലത്താണ് ഡെപ്യൂട്ടി കമ്മീഷണരുടെ ശമ്പളം വർദ്ധിപ്പിക്കയുണ്ടായതു്. അതുകൂടാതെ അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുകയുമാണ് ചെയ്തിരിക്കുന്നതു്. ജനങ്ങൾക്ക് വളരെ ആവശ്യമുള്ളതും നിയമിക്കുവാൻ വേണ്ടത്ര ആളുകളില്ലാത്തതുമായ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ പോലും ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്ന പതിവില്ലാതെയിരിക്കുകയാണ്. വളരെ അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ അവരെ റീ അപ്പോയിന്റു ചെയ്യുന്ന ഒരു പതിവാണ് സർ ഇവിടെ സ്വീകരിച്ചുവരുന്നതു്. അങ്ങനെയിരിക്കെ ഒരു സാങ്കേതിക വൈദഗ്ദ്ധ്യമൊന്നുമില്ലാത്ത, അതൊന്നും ആവശ്യമില്ലാത്ത ഒരുദ്യോഗസ്ഥനു് കാലാവധി നീട്ടിക്കൊടുത്തതു് കണ്ടാൽ അതു് ആ ഉദ്യോഗസ്ഥനെ പ്രീണിപ്പിക്കാൻവേണ്ടി മാത്രമാണെന്നാണെന്റെ അഭിപ്രായം. അങ്ങനെ ആ ഉദ്യോഗസ്ഥന്റെ സേവനം അനിവാര്യമായിരുന്നാൽത്തന്നെയും—അങ്ങനെയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല—അദ്ദേഹം റിട്ടയർചെയ്തശേഷം റീ അപ്പോയിന്റു ചെയ്യുക എന്നുള്ള നടപടിയായിരുന്നു ഗവണ്മെന്റു് സ്വീകരിക്കേണ്ടിയിരുന്നതു്. അതുകൂടാതെ അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി നീട്ടിക്കൊടുത്തിരിക്കുന്നതു് ഇപ്പോൾ ഈ കൂട്ടിക്കൊടുക്കുന്ന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മുഴുവൻ പെൻഷൻ വാങ്ങിക്കാൻ വേണ്ടിയാണ്. ഇതു് ഒരു വ്യക്തിയെ സഹായിക്കാൻവേണ്ടിയുള്ള ഒരു നടപടിയായതുകൊണ്ടു് ഈ ഏറാം ഡിമാൻഡു് ആരും അനുകൂലിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. വി. തോമസ്സ്: ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു.

"Consequent on the issue of the amendment to the Travancore-Cochin General Sales Tax Act"

LIBRARY ARCHIVES Kerala Legislative Assembly

അതായതു്, സെയി സ്ടാക്സ് ഭേദഗതിനിയമം പാസ്സാക്കിയതിനെത്തുടർന്നുള്ള ചെലവു് മീറ്റചെയ്യുന്നതിനുവേണ്ടിയാണു് ഈ ഡിമാൻഡു കൊണ്ടുവന്നിരിക്കുന്നതു്. അമെൻഡ്മെൻറ് ആക്റ്റ് പാസ്സാക്കിയതു മാർച്ചിലോ ഏപ്രിലിലോ ആണു്. സെയിൽസ്ടാക്സ് നിരക്കണമെന്നുള്ള പൊതുജനങ്ങളുടെ പരാതി കേൾക്കുന്നതിനു് ഗവണ്മെൻറിനു് സാദ്ധ്യമല്ല. എന്നാൽ അതു് സിംഗിൾ പായിൻറ് ആക്കണമെന്നുള്ള ജനങ്ങളുടെ പ്രക്ഷോഭണത്തിൻെറ ഫലമായിട്ടാണു് കഴിഞ്ഞപ്രാവശ്യം ചില സാധനങ്ങളെ സംബന്ധിച്ചിടത്തോളം സെയിൽസ്ടാക്സ് സിംഗിൾ പായിൻറാക്കിയതു്. എന്നിരുന്നാലുംതന്നെയും അതു നടപ്പിൽ വരുത്തിയതു് അക്ടോബർമാസം ഒന്നാംതീയതിമുതല്ലാണു്. എന്തുകൊണ്ടാണു് അതു നടപ്പിൽവരുത്തുന്നതിനു് ഇത്ര കാലതാമസം നേരിട്ടതു് എന്നുള്ളതിനെക്കുറിച്ചു് ഗവണ്മെൻറ് ഒരു വിശദീകരണം നടത്തേണ്ടതാണു്. ഏതാനും സാധനങ്ങളെ സംബന്ധിച്ചിടത്തോളം സിംഗിൾ പായിൻറ് ടാക്സാക്കിയതായി നിശ്ചയം പാസ്സാക്കിയിട്ടും അതിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനു് ഇത്രമാസം കൊണ്ടേ സാദ്ധ്യമായുള്ളൂ.

രണ്ടാമതു്, നാം ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ അതു നടപ്പിലാക്കുന്നതിനു റൂൾസ് ഫ്രെയിംചെയ്യുന്ന ഒരേർപ്പാടുണ്ടു്. എന്നാൽ അക്കാര്യത്തിൽ ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതയുണ്ടു്. ആക്റ്റിൽ കൊടുക്കുന്ന സൗജന്യങ്ങൾ റൂൾസിൽക്കൂടി എടുത്തുകളയുക. ഉദാഹരണമായി ഇന്നുകാലത്തുതന്നെ കുടികിടപ്പുകാരെ സംബന്ധിച്ചുള്ള ഒരു ചോദ്യത്തിനു് മറുപടിപറഞ്ഞപ്രകാരം തെളിഞ്ഞ ചില വസ്തുതകൾ നോക്കാം. കുടികിടപ്പുകാർക്കു് അനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ ഫലപ്രദമാകണമെങ്കിൽ അവർ രജിസ്റ്റർ ചെയ്യപ്പെടണമെന്നു് ആക്റ്റിൽ വ്യവസ്ഥയുണ്ടു്. ആ വ്യവസ്ഥ വാസ്തവത്തിൽ കുടികിടപ്പുകാർക്കു് ദോഷം ചെയ്യും എന്നു കഴിഞ്ഞപ്രാവശ്യം ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി. അന്നു് റവന്യൂവകുപ്പുമന്ത്രി പറഞ്ഞതു ഇതു് വെറും ഫാർമാലിറ്റിമാത്രം ആണെന്നും അതിനു് ഒരു കാർഡ് എഴുതി അയച്ചാൽ മതിയെന്നുമായിരുന്നു. എന്നാൽ അതിനുശേഷം പ്രെയിംചെയ്ത റൂൾസ് അനുസരിച്ചു നോക്കുകയാണെങ്കിൽ ഒരു ശതമാനം കുടികിടപ്പുകാരനുപോലും ഈ സൗജന്യം കിട്ടുന്നില്ലാ എന്നു കാണാം. കുടികിടപ്പുകാരൻ രജിസ്റ്റർ ചെയ്യുന്നതിനു ഒരു അപ്ലിക്കേഷൻ കൊണ്ടുചെല്ലുമ്പോൾ അതിൽ ആ വസ്തുവിൻെറ സർവ്വെനമ്പർ, വിസ്തീർണ്ണം മുതലായവ കാണിച്ചിരിക്കണമെന്നുണ്ടു്. ഇതു കണ്ടുപിടിച്ചു അപ്ലിക്കേഷൻ കൊടുക്കാൻ ഈ പാവപ്പെട്ട കുടികിടപ്പുകാരനു സാദ്ധ്യമാകാത്തരത്തിലുള്ള നൂലാമാലകളാണു് ഈ രജിസ്റ്റർ ചെയ്യാനുള്ള അപ്ലിക്കേഷനിൽ ചേർക്കേണ്ടതു്. ഒരു വസ്തുവിൻെറ സർവ്വെനമ്പർ, വിസ്തീർണ്ണം, ഇവ തിരക്കിപ്പിടിക്കുക എന്നുള്ളതു് ആ പ്രദേശത്തെ കഴിവുള്ള ഒരാൾക്കുപോലും ഒന്നരരണ്ടു ദിവസത്തെ താമസംവരുമെന്നുള്ള സ്ഥിതിക്കു് ഒരു പാവപ്പെട്ട കുടികിടപ്പുകാരനു് അയാൾ താമസിക്കുന്ന പുരയിടത്തിൻെറ വിസ്തീർണ്ണവും, സർവ്വെനമ്പരും കണ്ടുപിടിക്കുന്നതിനു് എത്ര ബുദ്ധിമുട്ടുണ്ടാകും എന്നാലോചിക്കാവുന്നതാണു്.

ശ്രീ. എ. ജെ. ജാൺ: സർവ്വെനമ്പരും മറ്റു വിവരങ്ങളും ആവശ്യപ്പെട്ടാൽ അനുകൂലമായ വിവരങ്ങൾ നൽകുമെന്നു് എല്ലാ പക്ഷത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

ക്കച്ചേരികളിലും നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബർ കേട്ടിട്ടില്ലെന്നു തോന്നുന്നു.

ശ്രീ. ടി. വി. തോമസ്സ്: ഞാൻ കേട്ടിട്ടുണ്ട്, മനസ്സിലാക്കിയിട്ടുണ്ട്, കൈകാര്യം ചെയ്തിട്ടുണ്ട്. നിങ്ങടെ സക്കുലർ അയച്ചിട്ടുണ്ട്. അതു സംബന്ധിച്ചു ഞാൻ നാട്ടിൽപോയി അന്വേഷിച്ചതിനുശേഷം പറയുകയാണു്. ആക്ടറ പാസ്സായതിനുശേഷം രജിസ്റ്റർ ചെയ്യണമെന്നുള്ള നിബന്ധന കൂട്ടിച്ചേർത്തു. മറെ ചില രൂപ്സും ഇതി ഉണ്ടാക്കിയിട്ടുണ്ട്. തഹശീൽദാക്കു രജിസ്റ്റർചെയ്യ അപ്ലിക്കേഷൻ കൊടുത്തുകഴിഞ്ഞാൽ അതിന്മേൽ ജന്മിക്കു് ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ കളക്ടർമുമ്പാകെ കൊടുക്കാം. അതിനുശേഷം അനുകൂലം കിട്ടിയില്ലെങ്കിൽ റവന്യൂ ബോർഡിൽ അപ്പീൽ കൊടുക്കാം. അതിനും ജന്മിക്കു് അനുകൂലം കിട്ടിയില്ലെങ്കിൽ ഗവണ്മെൻറിൽ അപ്പീൽ കൊടുക്കാൻ ജന്മിക്കു് അവകാശമുണ്ടു്. ഒരു വെറും ഫാർമാലിറ്റിക്കുവേണ്ടി മാത്രമാണെന്നാണു് മന്ത്രി പറഞ്ഞതു്. രൂപ്സു് എഴുതിവന്നപ്പോൾ കണ്ട നാലു ഉഗ്രഹമായ അപ്പീൽ കേസ്സുകൂടി ഈ പാവപ്പെട്ട കുടികിടപ്പുകാരൻ നടത്തേണ്ടിയിരിക്കുന്നു എന്നു്. ഈ അപ്പീൽ കേസ്സുകൂടി നടത്തി അയാളെ കുടികിടപ്പുകാരനായി രജിസ്റ്റർ ചെയ്യുന്നുമെന്നു പറയുന്ന ആഭ്യന്തരമന്ത്രി ഒന്നുകിൽ ശുദ്ധനാണു് അല്ലെങ്കിൽ ദുഷ്ടനാണു്.

അതുപോലെ ഈ സെയിൽസ് ടാക്സ് സിംഗിൾ പോയിൻറ് ആക്കണം എന്നു നാം തീരുമാനിച്ചു. അതു് തീരുമാനിച്ചുകഴിഞ്ഞതിനു ശേഷം 800 മുതൽ 1000 രൂപവരെ ശമ്പളം കൊടുത്തു ഒരു പെൻഷൻപറ്റി പിരിഞ്ഞ ആളെ അഡ്വൈസറിൻറെ സേവനം വളരെ അത്യാവശ്യമാണെന്നു പറഞ്ഞു കാലാവധി നീട്ടിക്കൊടുത്തു. ഇതുയും കാലംകൊണ്ടു് അതിലേയ്ക്കുള്ള രൂപ്സ് എഴുതി തയ്യാറാക്കി. അതിൻറെ ഫലമായി അക്ടോബർ ഒന്നാം തീയതി ഈ സംസ്ഥാനത്തെ ജവുളി വ്യാപാരികൾ ഹർത്താൽ അനുഷ്ഠിക്കയുണ്ടായി. ഒരു രാജ്യത്തെ വാണിജ്യം മുഴുവൻ സ്തംഭിക്കുന്നതരത്തിൽ ഇവിടത്തെ ജവുളിവ്യാപാരികൾ ഹർത്താൽ അനുഷ്ഠിക്കുകയാണുണ്ടായതു്. രാഷ്ട്രീയത്തിൽ വിശ്വസിക്കാത്തവരാണു് കച്ചവടക്കാർ. അവരാണു് രാജ്യം മുഴുവൻ ഹർത്താലനുഷ്ഠിച്ചതു്. തൊഴിലാളികൾ പണിമുടക്കുകയോ, ഹർത്താലനുഷ്ഠിക്കുകയോ ചെയ്യുകയാണെങ്കിൽ ഗവണ്മെൻറ് പറയും അവർക്കു് വേലയില്ലാത്തതുകൊണ്ടാണു്, രാഷ്ട്രീയ പരിഗണനകൊണ്ടാണു് എന്നു്. ഇങ്ങനെ ഈ രാജ്യത്തെ മുഴുവൻ ജവുളിവ്യാപാരികളും രൂപ്സിൻറെ നടപടികൾ മൂലം ഹർത്താലനുഷ്ഠിക്കേണ്ടിവന്നുവെങ്കിൽ അതിനു് എത്രയുള്ള ദുരിതം സഹിക്കേണ്ടിവന്നിരിക്കുമെന്നു് ഊഹിക്കാവുന്നതാണു്. ഇവിടത്തെ തുണിക്കച്ചവടക്കാർ ഹർത്താൽ ആചരിക്കുക എന്നുള്ള നിലയിലെ വന്നുചേർന്നു. അതിനുള്ള കാരണം അവരുടെ കൈയിൽ സ്റ്റാക്കുള്ള ചരക്കുകൾ ഡിക്ലയർചെയ്യണം എന്നു പറഞ്ഞതാണു്. ഈ പ്രതിസന്ധിക്കിടക്കിനും ഹർത്താലിനുമുള്ള ഒരു പരിതഃസ്ഥിതി സംജാതമാക്കിയതു് ഈ രൂപ്സ് മേക്കിംഗ് പൗവ്വേഴ്സ് ഗവണ്മെൻറ് കൈകാര്യം ചെയ്തതിലുണ്ടാക്കിയ ഔദ്ധത്യമായ മൂലമാണു്. അതുകൊണ്ടു ഗവണ്മെൻറിൻറെ രൂപ്സ്മേക്കിംഗ് പൗവ്വേഴ്സ് എടുത്തുകളയേണ്ടതാണെന്നുപോലും തോന്നിപ്പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മലഞ്ചരക്കുകളുടെ കാര്യത്തിലും പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. മലഞ്ചരക്കുകൾക്ക് സെയിൽസ് ടാക്സ് ഏതു പായിന്റിലാണ് ഈടാക്കേണ്ടതു് എന്നതിനെ സംബന്ധിച്ചാണ് ഈ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതു്. ഇതു സംബന്ധിച്ചു് മലഞ്ചരക്കു വ്യാപാരികളും ഒരു പക്ഷേ ഹർത്താൽ അനുഷ്ഠിക്കേണ്ട ഒരു പരിതഃസ്ഥിതി വന്നേയ്ക്കാം.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഏതു പായിൻറിലാക്കണമെന്നു് ഈ നിയമസഭ നിർദ്ദേശിച്ചു കൊടുത്തിട്ടില്ലല്ലോ.

ശ്രീ. ടി. വി. തോമസ്സ് : ഇല്ല. അതു് റൂൾസ് ഉണ്ടാക്കുന്നവർ തീർച്ചയാക്കേണ്ടതായിരിക്കും. ഇന്നു് അവർക്കു് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. അതു് ഇവിടത്തെ സബാർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി സൂപ്പർവൈസ് ചെയ്യുകയോ നിയന്ത്രിക്കുകയോ ചെയ്യേണ്ടതാണു്. അതുകൊണ്ടു് ഈ ഡിമാൻഡിനെ ഞാൻ എതിർക്കുന്നു. അതോടൊപ്പം സബാർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഈ കാര്യങ്ങളും ശ്രദ്ധിക്കണമെന്നുകൂടി ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണു്. അതിനുള്ള പ്രധാന കാരണങ്ങളും ബഹുമാനപ്പെട്ട നേമം മെംബർ ഇവിടെ പറയുകയുണ്ടായി. ഇതിനുമുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത രീതിയിൽ ഈ ഡിപ്പാർട്ടുമെൻറിൽ ഒരു ഡെപ്യൂട്ടി കമ്മീഷണറെ ഒരു കൊല്ലക്കാലത്തേയ്ക്കുകൂടി കാലാവധി നീട്ടിക്കൊടുത്തു നിയമിച്ചിരിക്കുകയാണു്. ഈ എക്സ്റ്റൻഷൻ ഒരാളെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയല്ല എന്നു പറയുവാൻ മാത്രം കാരണങ്ങളും ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഒരു കൊല്ലത്തിൽ കൂടുതൽ ഈ ഡിപ്പാർട്ടുമെൻറിൽ ഈ ഉദ്യോഗസ്ഥനെ നിയമിക്കാൻ നിവൃത്തിയില്ല. ഒരു കൊല്ലം കഴിയുമ്പോൾ ഈ ഉദ്യോഗസ്ഥൻ പിരിഞ്ഞുപോകണം. ഈ ഉദ്യോഗസ്ഥന്റെ മുൻ കൊല്ലങ്ങളിലെ ചരിത്രം നോക്കിയാൽ അത്ര ശ്രദ്ധേയമായ ഒരു റിക്കാർഡല്ല എന്നു് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്.

സർ, ഈ തിരുവനന്തപുരത്തെ മൊത്തക്കച്ചവടക്കാരായ പുകയില വ്യാപാരികളിൽ നിന്നും സെയിൽസ്ടാക്സ് ഇവേഷൻ ഉണ്ടാകുന്നതിനെ സംബന്ധിച്ചുള്ള പരാതിയിന്മേൽ ഇന്നു് എൻ. ചയറി വകുപ്പുമേലദ്ധ്യക്ഷനായിരിക്കുന്ന ശ്രീമാൻ കേരളവർമ്മ അന്വേഷണം നടത്തി ആവശ്യമായ നടപടികളും നടത്തുന്നതിനു് ഒരു റിപ്പോർട്ടു് റവന്യൂബോർഡ മേയ്ക്കു് അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇന്നുവരെ ആ റിപ്പോർട്ടിനെ സംബന്ധിച്ചു യാതൊരുത്തരവും ചെയ്തുകാണുന്നില്ല. ചില ഉദ്യോഗസ്ഥർ അതിനു സഹായകമായ നില എടുത്തിട്ടുണ്ടു് എന്ന അടിസ്ഥാനത്തിലാണു് അതിനെ സംബന്ധിച്ചു് ഉത്തരവാദിത്വമുള്ളവർ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു്. റിപ്പോർട്ടു് അയച്ചിട്ടു റവന്യൂബോർഡിൽ നിന്നും യാതൊരു നടപടിയും നടത്തിയിട്ടില്ല എന്നാണു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. സെയിൽസ്ടാക്സ് ഇവേഷൻകൊണ്ടു് ലക്ഷക്കണക്കിനു രൂപ ഗവണ്മെൻറിലേയ്ക്കു റവന്യൂ ഇനത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. അതു് പ്രാഥമികമായിട്ടെങ്കിലും കണ്ടുപിടിക്കുന്നതിനു കഴിവില്ലാത്ത ഒരാളെ വീണ്ടും ഇങ്ങനെ പ്രമോഷൻ കൊടുത്തു നിയമിക്കുന്നതു ശരിയാണെന്നു് തോന്നുന്നില്ല. അതും വളരെ പിൻക്കാലപ്രാബല്യത്തോടുകൂടിയാണെന്നു് ഇവിടെ നൽകിയിട്ടുള്ള ഈ നോട്ടിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഇതു് ഒരു പൊതുനയമായി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ എന്നു് മുഖ്യ മന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു വ്യക്തിക്കുമാത്രമേ ഈ ടെം സ്കെയിൽ ബാധകമായിട്ടുള്ളോ. ഈ അടുത്ത കാലത്തായി സർവ്വീസിലുള്ള എല്ലാവർക്കും ടെം സ്കെയിൽ അനുവദിച്ചു കിട്ടിയിട്ടുണ്ടെങ്കിലും അതുമൂലം പേ ഫിക്സ് ചെയ്തു കിട്ടുന്നതിനു പല ബുദ്ധിമുട്ടുകളും ഉണ്ടായി. അതിനുശേഷം അവരുടെ പേ ഫിക്സേഷനുവേണ്ടി പേക്കമ്മിഷനു അതിൻെറ മാനദണ്ഡം നിർദ്ദേശിക്കുന്നതിനായി വിട്ട എന്നാണു് ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. അതു ഏതു് ഗ്രേഡിലുള്ളവരായാലും എൻ. ജി. ഓ. ആയാലും ജി. ഓ. ആയാലും പേ ഫിക്സേഷനു് സ്വീകരിക്കുന്ന മാനദണ്ഡം പൊതുവെ ആയിരിക്കണം. അതല്ലാതെ ഓരോ ഉദ്യോഗസ്ഥൻെറ കാര്യത്തിൽ ഓരോ നയം സ്വീകരിക്കുന്നതും ചില ആളുകളെ സംബന്ധിച്ചിടത്തോളം പിൽക്കാലപ്രാബല്യം നൽകുന്നതും തീർച്ചയായും ഒരു ഗവണ്മെൻറിനു ചേർന്നതല്ല. സർ, കഴിഞ്ഞ കാലത്തെ സർവ്വീസിലെ കുറഞ്ഞ ശമ്പളസ്കെയിലുകൾ നോക്കുമ്പോൾ വാർദ്ധക്യകാലത്തു് അൽപ്പമെങ്കിലും ഭേദപ്പെട്ട പെൻഷൻ കിട്ടണമെന്നുള്ള ഉദ്യോഗസ്ഥന്മാരുടെ ആഗ്രഹത്തോടു് എനിക്കു് സഹാനുഭൂതിയുണ്ടു്. തീർച്ചയായും അതു പരിഗണിക്കേണ്ടതാണു്. പക്ഷേ ഇങ്ങനെ അനർഹമായ രീതിയിൽ പ്രമോഷൻ നൽകിയോ ശമ്പളം കൂട്ടിയോ മറ്റൊരു സഹായിക്കേണ്ട ആവശ്യമുണ്ടോ എന്നു് ആലോചിക്കേണ്ടതുണ്ടു്. ഇന്നു് പെൻഷൻകാലത്തു കുറഞ്ഞ പെൻഷൻ കിട്ടാൻ പലപ്പോഴും ഇടയാക്കുന്നതു് അവരെ ഉയർന്ന ഗ്രേഡിൽ നിയമിച്ചു് ശമ്പളം കൊടുക്കുമെങ്കിലും ആ ഗ്രേഡിൽ സ്ഥിരപ്പെടുത്താറില്ലെന്നുള്ളതുകൊണ്ടാണു്. ഏട്ടും പത്തും കൊല്ലം ഉയർന്ന ഗ്രേഡിലിരുന്നു് ശമ്പളം പറ്റിയിട്ടും അവരെ ആ ഗ്രേഡിൽ സ്ഥിരപ്പെടുത്താതിരിക്കുന്നതുമൂലം പലപ്പോഴും ന്യായമായി കിട്ടേണ്ട പെൻഷൻ ലഭിക്കാതെ വരുന്നുണ്ടു്. അതാണു് പെൻഷൻ കുറഞ്ഞുപോകുന്നതു്. പൊതുവായി അക്കാര്യത്തിൽ ഗവണ്മെൻറു് ഒരു നയം സ്വീകരിക്കുകയാണെങ്കിൽ, അവരുടെ ആക്ടിംഗ് സർവീസോ ടെമ്പററി സർവീസോ കൂടി പരിഗണിച്ചു് പെൻഷൻ നിശ്ചയിക്കുകയാണെങ്കിൽ, പെൻഷൻകാലം അടുക്കാറാകുമ്പോൾ ഉയർന്ന ശമ്പളസ്കെയിലിലേയ്ക്കു് കടക്കണമെന്നു് വലിയ ആഗ്രഹം തോന്നുകയില്ല. എന്നാൽ ഇപ്പോൾ അതുപോലെയുള്ള ഒരാഗ്രഹത്തെ തൃപ്തിപ്പെടുത്തുവാനാണു് ഉപധനാഭ്യർത്ഥന മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് അതിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സെയിൽസ്ടാക്സ് അമൻഡുമെൻറബിൽ ചർച്ചചെയ്ത അവസരത്തിൽ മുഖ്യമന്ത്രിചെയ്തിട്ടുള്ള ഒരു വാഗ്ദാനം അദ്ദേഹം നിറവേറ്റിയിട്ടില്ലെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. തിരുവിതാംകൂർ-കൊച്ചിയിലെ കയർവ്യവസായത്തെ സെയിൽസ് ടാക്സിൽ നിന്നും പരിപൂർണ്ണമായി ഒഴിവാക്കുന്നില്ലെങ്കിലും തുടർച്ചയായി ഒഴിവാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. അവരുടെ ഡെപ്യൂട്ടേഷൻ വരുമ്പോൾ ഒഴിവാക്കലിൻെറ പീരിയേഡ് കുറെശ്ശെ നീട്ടിക്കൊടുക്കുകയാണു് ചെയ്യുന്നതു്. പരിപൂർണ്ണമായി ഒഴിവാക്കാതെ കുറെശ്ശെ കുറെശ്ശെ നീട്ടിക്കൊണ്ടുപോകുന്നു. അതിനെപ്പറ്റിയല്ല ഞാനി

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ പറയാൻ ആഗ്രഹിക്കുന്നതു്. അതിനോടു് പല തരത്തിലും സഹകരിക്കുന്നതും കയറുപാ നെയ്ത്തിനുമാത്രം ഉപയോഗിക്കുന്നതുമായ ചണത്തിനെ സെയിൽസ്ടാക്സിൽ നിന്നും ഒഴിവാക്കണമെന്ന പല നിവേദനങ്ങളും ഈ ഗവണ്മെൻറു മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണു്. വളരെ കുറഞ്ഞ മൂലധനം മുടക്കുകാരാണു് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതു്. കൊല്ലം താലൂക്കിൽ ഇരവിപുരം, വടക്കേവിള എന്നീ പകുതികളിലാണു് ഈ വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നതു്. തികച്ചും ഒരു കുടിൽ വ്യവസായമായിട്ടാണു് നടന്നുകൊണ്ടിരിക്കുന്നതു്. ഒരു പത്തു പന്ത്രണ്ടായിരം രൂപയിൽ കൂടുതൽ മുതൽമുടക്കുള്ളവർ ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടില്ല. വൈക്കം താലൂക്കിലും ഈ വ്യവസായം നടന്നുവരുന്നതായി മനസ്സിലാക്കുന്നു. ഇങ്ങനെ അങ്ങിങ്ങായി ചിലകേന്ദ്രങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ചണവ്യവസായത്തെ പരിപൂർണ്ണമായി സെയിൽസ്ടാക്സിൽ നിന്നും ഒഴിവാക്കണമെന്ന ന്യായമായ ഒരു നിവേദനമാണു് ഗവണ്മെൻറിന്റെ മുമ്പാകെ പല പ്രാവശ്യവും സമർപ്പിച്ചിട്ടുള്ളതു്. ജനറൽ സെയിൽസ്ടാക്സ് ബില്ലിന്റെ ചർച്ച സെലക്ട് കമ്മിറ്റിയിൽ നടന്നപ്പോൾ കയറിന്റെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുപോലെ ഒരു അഡ്മിനിസ്ട്രേറ്റീവ് ആർഡർ മൂലം ചണത്തിനേയും സെയിൽസ്ടാക്സിൽ നിന്നും ഒഴിവാക്കാമെന്നു് ഗവണ്മെൻറുഭാഗത്തുനിന്നും ഒരു വാഗ്ദാനം നൽകിയിട്ടുണ്ടു്. ഏതാനും ദിവസങ്ങൾക്കു മുമ്പു് മുഖ്യമന്ത്രിയെ വീണ്ടും കണ്ടു സംസാരിച്ചപ്പോഴും കയർവ്യവസായത്തിനു് എക്സ്റ്റൻഷൻ ഇപ്പോൾ കൊടുക്കാൻ പോകുന്നുണ്ടു്, അതോടൊടുകൂടി ഈ കാര്യംകൂടി തീരുമാനിക്കുമെന്നാണു് പറഞ്ഞതു്. കയർവ്യവസായത്തെ സംബന്ധിച്ചു് നിവേദനം നടത്താൻ ശ്രീ. ശങ്കറിന്റെ നേതൃത്വത്തിൽ വന്ന ആളുകൾതന്നെ ചണവ്യവസായത്തെകൂടി സെയിൽസ്ടാക്സിൽ നിന്നും ഒഴിവാക്കണമെന്നു് നിവേദനം നടത്തിയെങ്കിലും ചണവ്യവസായത്തെ ഒഴിവാക്കിയില്ല; കയർവ്യവസായത്തെ ഒഴിവാക്കുകയും ചെയ്തു. ചണക്കയറിന്റെ വിലയിൽ എൺപതു ശതമാനവും ലേബർ ചാർജ്ജാണു്. 20 ശതമാനമെ ചണത്തിന്റെ വിലയായി വരിയുള്ളു. അങ്ങനെ 80 ശതമാനംവരെ വേലക്കൂലിയായി കണക്കാക്കുന്ന ചണത്തിനു് സെയിൽസ്ടാക്സ് ഈടാക്കുകയാണെങ്കിൽ അതു വേലക്കൂലിയുടെ മേൽ ആണു് നികുതി ഈടാക്കുന്നതെന്നു് മനസ്സിലാക്കേണ്ടതാണു്. കയറുപാ നെയ്ത്തിനുവേണ്ടിയാണു് ചണം ഉപയോഗിക്കുന്നതു്. കയറിനെ മുഴുവൻ സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കിയിരിക്കുന്ന സ്ഥിതിക്കു് ചണവ്യവസായത്തെക്കൂടി സെയിൽസ്ടാക്സിൽ നിന്നും ഒഴിവാക്കി അവരിൽ നിന്നും കഴിഞ്ഞ കാലത്തെ ടാക്സായ് ഈടാക്കാനുള്ള തുകകൾ ഇളവു ചെയ്തുകൊടുക്കണമെന്നു് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

SHRI O. R. CHUMMAR: Sir, I support the motion before the House. I did not intend to speak on this motion. But the observations made by the Hon. Member, Shri T. V. Thomas, have tempted me to say a few words. He has stated that the rule making powers of the Government are very often used to take away the benefits granted by the Act. I perfectly agree. When one goes through the rules, one will

LIBRARY ARCHIVES Kerala Legislative Assembly

[Shri O. R. Chummar]

be inclined to think that the rule—making powers are exercised to complicate things rather than to simplify them. Regarding the single point tax, what the Act has provided is that the tax is to be levied at one point in the series of sales. The tax is to be imposed on one of the sales. But the rule has provided that the tax is to be levied on purchase. I do not know whether this rule is or is not *ultra vires* of the Act. That is for the courts to decide. In any case, I would like to point out that this inconsistency has complicated the matter and given rise to unnecessary controversies.

As regards the benefits of the single point system, it will be noted that the enjoyment of the benefit is, according to the rules, saddled with the condition that the trader who claims exemption has to prove that the trader to whom he has sold his goods is liable to pay tax and is not exempt from tax on any ground. How can a trader prove what is the turnover of his customer, what he has done with the goods and whether he has manipulated his accounts to avoid liability? In Bombay and other places where single point or two point system is in vogue that system is given effect to by means of some sort of exemption certificates. That is the way to enable a trader to avail of the benefit. But here the trader is compelled to see that somebody else does not evade the tax and has paid it. That is not the way to grant an exemption. The condition has practically nullified the exemption. Formerly, in coir, intermediate dealers were exempted from these conditions. But many who were entitled to exemption had to pay the tax. Sir, I think 50 per cent of the complaints against sales tax is due to the ambiguity in the Act and rules and unless and until these ambiguities are removed complaints will never end. The Committee appointed in this State as well as the Mathai Commission have emphasised this point very much. But every amendment to the Act and the rules is making the law more and more complicated. There is a remarkable lack of co-ordination between different provisions. Sir, I have no objection to anybody being granted extensions and higher pay. But I would suggest that some person with a grasp of economics and taxation laws may be sent to Bombay and other places to see how the single point system of tax is being worked.

ശ്രീ. പി. ഭാസ്കരൻനായർ : സർ, ഈ ധനാഭ്യർത്ഥനയിൽ കാണി ക്കുന്ന തത്പടിക്ഷയില്ലായ്മയെ ഞാൻ അതിനെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാമതായി ഇതി ക്കാണ ത്തു് ചില വ്യക്തി കൾക്കുവേണ്ടി പ്രത്യേക പരിഗണ നകൾ നൽകുന്ന എന്നതാണു്. പെൻഷൻ പറ്റി സർവ്വീസിൽ നിന്നും പിര യേണ്ട സെയിൽസ് ടാക്സ് ഡെപ്യൂട്ടി കമ്മീഷണർക്കു് ഒരു പ്രത്യേക പരിഗണന നൽകി ഉദ്യോഗ കാലാവധി നീട്ടിക്കൊടുക്കുന്നു. മാത്രവുമല്ല, പിൽക്കാലവ്യാപ്തിയോടുകൂടി ശമ്പളവർദ്ധനവും അനുവദിക്കുന്നു. ഇതു് ഈ രാജ്യത്തെ അഭ്യസ്തവിദ്യരുടെ ഇടയിൽ ഇന്നു് നീറി നീറി വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്കു് പരിഹാരമെന്നോണം ഈ സഭാതലത്തിൽതന്നെ ഗവണ്മെൻറിന്റെ നയമെന്ന നിലയിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതിനു് എതിരാണു്. ഉദ്യോഗകാലാവധി യാതൊരു ഉദ്യോഗസ്ഥനും യാതൊരു കാരണവശാലും നീട്ടിക്കൊടുക്കുകയില്ലെന്നു് പലവുരു ഇവിടെവച്ചു് പ്രഖ്യാപനം നടത്തിയതു് കേട്ടിട്ടുണ്ടു്. പക്ഷെ ചില പ്രത്യേക വ്യക്തികളുടെ കാര്യത്തിൽ ആ പൊതുനയം വേണ്ടെന്നു വയ്ക്കുന്നതു് തത്വദീക്ഷയില്ലായ്മയാണു്. അതിനെ ഞങ്ങൾ ശക്തിയായി എതിർക്കുന്നു. ഇതുപോലെ പെൻഷൻപറ്റി പിരിയാറായ ഒരു ഉദ്യോഗസ്ഥനു് 1952 മുതൽ ശമ്പളവർദ്ധനവു് നൽകിയതിന്റെ പേരിൽ കൂടുതൽ തുക ഈ സഭയോടു് ആവശ്യപ്പെടുകയാണു ചെയ്യുന്നതു്. ഈ സഭയോടു് എന്തും ആവശ്യപ്പെടാമെന്നുള്ള ഒരു ധിക്കാരമാണു് ഈ ധനാഭ്യർത്ഥനയിൽ മുഴച്ചുനിൽക്കുന്നതു്. വേറൊരു കാര്യം ഈ ജനറൽ സെയിൽസ്ടാക്സ് അമെൻഡുമെൻറ് ആക്ടുകൊണ്ടു് ഈ രാജ്യത്തു് ഉണ്ടായിട്ടുള്ള ഒരു ജനങ്ങളുടെ എതിർപ്പാണു്. അക്ടോബർ ഒന്നാംതീയതി മുതലാണു് കഴിഞ്ഞ നിയമസഭയിൽ പാസ്സായ ഈ നിയമം ഈ രാജ്യത്തു് നിലവിൽവന്നതു്. അതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാത്തതാണു് ഇത്രയും കാലതാമസത്തിനു കാരണമായതു്. സെയിൽസ് ടാക്സ് കൂട്ടുന്നതിനുവേണ്ടിയാണു് അമെൻഡുമെൻറ് ബിൽ കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തു് പാസ്സാക്കിയതു്. അതു് പ്രാവർത്തനത്തിൽ വന്നപ്പോൾ നേരത്തെ നിശ്ചയിച്ചിരുന്നതിലും കൂടുതലായി ഒന്നരകോടി രൂപയുടെ അധിക സെയിൽസ്ടാക്സ് വർദ്ധിപ്പിക്കുകയാണുണ്ടായതു്. അക്ടോബർ ഒന്നാംതീയതി മുതൽ ഈ സെയിൽസ് ടാക്സ് യഥാർത്ഥത്തിൽ പർച്ചേസ് ടാക്സ് ആക്കിയതുതന്നെ ഒരു വൈപരീത്യമാണു്. മൊത്തക്കച്ചവടക്കാരുടെ സ്റ്റോക്കിൻമേൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. എന്നാൽ ചില്ലറക്കച്ചവടക്കാർ ഉൾപ്പെടെയുള്ള എല്ലാ കച്ചവടക്കാരും വാങ്ങിവച്ചിട്ടുള്ള ചരക്കുകളിൽനിന്നും രൂപയ്ക്കു് ഒന്നേകാലണ കൂടുതൽ വസൂലാക്കണമെന്നാണു് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതു്. ഇതു മുഴുവൻ പൊതുജനം എന്ന കഴുത വഹിച്ചുകൊള്ളണം എന്നാണു് ചട്ടം നിർമ്മിച്ചവർ കരുതിയിരിക്കുന്നതു്. ഇങ്ങനെ വിചിത്രമായ ചട്ടങ്ങൾ ഉണ്ടാക്കിയ വൈദഗ്ധ്യത്തിനു് പിൽക്കാലവ്യാപ്തിയോടുകൂടി ഉദ്യോഗസ്ഥന്മാർക്കു് ശമ്പളവർദ്ധനവു നൽകുന്നതിനെ ഞങ്ങൾ ശക്തിയുക്തം എതിർക്കുന്നു.

SHRI J. A. BHAT: Sir, I support the supplementary demand moved by the Hon: Chief Minister under the Head "Taxes and other Duties". The reasons for supporting this motion are several. I regret that Hon. Members of the Opposition who spoke on this motion have not taken the trouble of knowing the measures taken by the Government

LIBRARY ARCHIVES Kerala Legislative Assembly

[Shri J. A. Bhat]

for getting ready these rules under the Sales Tax Act that has been passed.

Sir, the Chambers of Commerce in our State used to complain that their views are not ascertained by the Government in matters concerning them. So the Government this time ascertained the views of the merchant community in framing the rules under the Sales Tax Act. I know that the Deputy Sales-Tax Commissioner an experienced man in the Department had contacted the various Chambers of Commerce before framing these rules. And, today, the Opposition leader, Shri T. V. Thomas took this opportunity to criticise Government for giving him extention. I don't agree with him.

[Mr. Deputy Speaker in the Chair.]

The second point raised is about the merchants engaged in the Cloth business. They cannot complaint, because already six months have elapsed after the passing of the bill and they were aware of the fact that such an Act was coming and that Sales Tax is going to be imposed at higher rates on fine cloth. They had sufficient time to prepare themselves to meet with the new situation and see that no unnecessary stock is retained.

We know the reason why the sales Tax on the finer varieties of cloth or the mill cloth was increased. It is to give benefit to the handloom cloth. That point has not been taken notice of by the honourable members who opposed this demand. And it is strange that the merchants who are dealing in cloth are going to have hartals. Then again, the major portion of the finer varieties of the cloth are imported here from outside this State. The Opposition is actually taking advantage in criticising the Government for the delay of six months in framing the rules and enforcing the Act. On the other hand, I would say that the cloth merchants are benefited because they got six months time. They do not realise it and are thinking of hartals and the like on the score that this Sales-Tax is an anti-social measure.

Then comes the question of giving exemption to Coir products. I was a member of the Select Committee which went into this question. The Chief Minister who was in charge of the Bill had actually promised the members that the Government would be prepared to extend the period of

LIBRARY ARCHIVES Kerala Legislative Assembly

exemption as regards the coir industry. Now the Sales-Tax Act has come into force from 1st October '55. This is the stage where we are today. The attempt is to fix the sales tax at a single point on hill produce and copras. We are engaged in the production of agricultural and other commodities and this Bill has sought to fix the sales tax at a single point for the benefit of the producer. If difficulties arise in future it is for this House to obviate the same. The Bill can be then amended. There is no reason why this House should insist on refusing the demand for the supplementary grant which is brought in for the appointment of the necessary Officers who are going to operate the Act. A Bill has been passed by the Assembly and therefore it has to be operated and I therefore fully support the demand for the supplementary grant moved by the Chief Minister.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, ഉപധനാഭ്യർത്ഥന പരിഗണിക്കുന്നതിന്റെ ഒന്നാമത്തെ അദ്ധ്യായത്തിലാണ് നാം ഇപ്പോൾ നിൽക്കുന്നത്. ഈ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരുന്നതിന്റെ അടിസ്ഥാനത്തെപ്പറ്റി എനിക്കറിഞ്ഞതാ കൊള്ളാം. അതിനെപ്പറ്റിയാണ് എനിക്കു ചിലതു പറയാനുള്ളത്. ഇവിടെ ഒരാളിന്റെ ശമ്പളം കൊടുക്കുന്നതിനുവേണ്ടി 2200 രൂപ വിശേഷാൽ അനുവദിച്ചു കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഡ്ജറ്റ് പാസ്സാക്കിയിട്ട് ഇതിനകം ആറുമാസം കഴിഞ്ഞിരിക്കുന്നു. ഈ ആറുമാസത്തിനുള്ളിൽ ബഡ്ജറ്റിലെ ഓരോ വകുപ്പിന്റെയും കീഴിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ എത്രയെത്രവീതം ചെലവുചെയ്തു കഴിഞ്ഞിട്ടുണ്ടെന്നും ഗവണ്മെന്റിന് ഏറെക്കുറെ മനസ്സിലായിരിക്കണം. അങ്ങനെ മനസ്സിലായിട്ടുണ്ടെങ്കിൽ അതിൽ സറണ്ടർ ചെയ്യാവുന്ന പല സംഖ്യകളും കാണണം. ഇപ്പോൾ അതിൽ ഏതിൽനിന്നെങ്കിലും റീഅപ്രോപ്രിയേറ്റ ചെയ്ത് ഈ സംഖ്യ കണ്ടുപിടിക്കാമായിരുന്നില്ലേ? അതിനെപ്പറ്റി ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ? ഞാൻ പരിശോധിച്ചതിൽ മനസ്സിലാക്കിയിട്ടുള്ളത്, ഇവിടെ മിക്ക വകുപ്പുകളിലേയ്ക്കും എണ്ണിച്ചു വകകൊള്ളിക്കുന്നപോലെ ഉള്ളവയാണ്. ഓരോ തുകയും ഇപ്രകാരത്തിൽ ചെലവുചെയ്യുമെന്ന് കാലേക്കൂട്ടി ഒരു തീരുമാനം ചെയ്യാറില്ലിവിടെ. ശരിയായ എസ്റ്റിമേറ്റിംഗ് ഇല്ലെന്നത്രം. ഇതുസംബന്ധിച്ചു ശരിയായിട്ടുള്ള അറിവ് സെക്രട്ടറിയേറ്റ് ലവലിലുള്ള ഉദ്യോഗസ്ഥന്മാർക്കുപോലും ഇല്ലെന്നാണ് എന്റെ അറിവ്. ഫിനാൻസ് സെക്രട്ടറിയുമായി ആലോചിച്ച്, ഓരോ ഡിപ്പാർട്ട്മെന്റിന്റെ കീഴിലും സറണ്ടർ ചെയ്യാമെന്നുള്ളതും, റീഅപ്രോപ്രിയേറ്റ ചെയ്യാമെന്നുള്ളതുമായ സംഖ്യ ഏതെല്ലാമാണെന്നു മനസ്സിലാക്കി ഉപധനാഭ്യർത്ഥന കൊണ്ടുവരണമെന്ന പാരമ്പര്യം നമുക്ക് ഇവിടെ ഇല്ല? ഒരുപക്ഷേ രണ്ടുലക്ഷമോ, നാലുലക്ഷമോ കമ്മിയായിട്ടുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും, വർഷാവസാനത്തിൽ അതു പത്തോ, ഇരുപതോ ലക്ഷം രൂപ മിച്ചം വരുന്ന ഒരു ബഡ്ജറായി പരിണമിക്കുകയും ചെയ്യുകയാണ് ഇവിടെ കണ്ടുവരുന്നത്. എസ്റ്റിമേറ്റിൻപ്രകാരമുള്ള തുക ചെലവുചെയ്തിട്ടുണ്ടോ, ചെലവുചെയ്യുന്നുണ്ടോ, ചെലവുചെയ്യാവുന്നതാണോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

എന്നുള്ള കാര്യത്തെപ്പറ്റി ശരിയായ യാതൊരു വിവരവും ഗവണ്മെൻറിനില്ല. ഒരു ബ്ലാങ്കചെക്ക് ഈ നിയമസഭയിൽനിന്നു വാങ്ങി ആവശ്യംപോലെ ചെലവുചെയ്യാനേ ഇവിടെ ആളുള്ളൂ. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ 2200 രൂപയുടെ ഉപധനാഭ്യർത്ഥന, അതായതു് വളരെ ചെറിയ ഒരു സംഖ്യയ്ക്കുപോലും ഉപധനാഭ്യർത്ഥന വാങ്ങിവയ്ക്കേണ്ടതു് കൊണ്ടാണെന്നു് പറയേണ്ടിവരും, ഗവണ്മെൻറ് പണം ചെലവാക്കുന്നതിൽ വളരെ നിഷ്കർഷകാണിക്കുന്നുണ്ടെന്നു്. വെറും പത്തുരൂപയുടെ വിശേഷച്ചെലവാണെങ്കിൽപോലും അസംബ്ലിയുടെ സമ്മതം വാങ്ങിക്കാതെ ഗവണ്മെൻറ് ചെലവുചെയ്യുകയില്ല എന്നു്. പക്ഷെ, ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ചാൽ എത്രയോ ലക്ഷങ്ങൾക്കുള്ള തുക അസംബ്ലിയുടെ അറിവോ സമ്മതമോ ഇല്ലാതെ ചെലവു ചെയ്തിട്ടുള്ളതായി നമുക്കു് കാണാൻ കഴിയും. ഏഴേഴു, എട്ടോ കൊല്ലമായിട്ടു് ഈ പരിവാടിയുണ്ടു്. ഇത്തരം ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നതിനു മുൻപു്, ഈ സംഖ്യ ചെലവുചെയ്യാൻ വേറേ ഏതെങ്കിലും വഴിയുണ്ടായിരുന്നോ, സാണ്ടർ ചെയ്യാമോ, റീഅപ്രോപ്രിയേഷൻ ചെയ്യാമോ എന്നെല്ലാം ഗവണ്മെൻറ് ആലോചിക്കേണ്ടതായിരുന്നു. അതിനെപ്പറ്റിയെല്ലാം ഒരു പ്ലാൻ ഗവണ്മെൻറ് തയ്യാറാക്കേണ്ടതായിരുന്നു. ഇതുപോലെയുള്ള ഒട്ടുവളരെ ഉപധനാഭ്യർത്ഥനകൾ ആഡിറ്റ് റിപ്പോർട്ടിൽ വരുമ്പോൾ ആവശ്യമില്ലാത്തതാണെന്നു തെളിയാവുന്നതു്. ഇങ്ങനെയുള്ള ചെറിയ സംഖ്യകൾക്കുവേണ്ടി ഇപ്രകാരം ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നതിൻറെ ന്യായം ഇനിയും മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഇനി മറ്റൊരു കാര്യം. ഗവണ്മെൻറ്, ഉദ്യോഗസ്ഥന്മാരെ റീഎംപ്ലോയ് ചെയ്യുന്നതിനെപ്പറ്റിയാണു്. എൻറെ അന്വേഷണത്തിൽ, ഇവിടെ ഉദ്യോഗസ്ഥന്മാർക്കു് എക്സ്റ്റൻഷൻ കൊടുക്കാൻ പാടില്ല എന്നു രീതിനിശ്ചയിച്ചിട്ടുള്ളതായി അറിഞ്ഞിട്ടുണ്ടു്. അതിനു പകരം ഇപ്പോൾ ഗവണ്മെൻറ് കണ്ടുപിടിച്ചിരിക്കുന്ന ഒരു പുതിയ മാർഗ്ഗമാണു് ഈ റീഎംപ്ലോയ്മെൻറ്. എക്സ്റ്റൻഷൻ എന്ന ഒരു വാക്കിനു പകരം മറ്റൊരു വാക്കുപയോഗിച്ചു് കാര്യങ്ങൾ നടത്തുകയാണു്. അതായതു് എക്സ്റ്റൻഷൻ എന്നുള്ള സാങ്കേതികപദത്തിനു പകരം, റീഎംപ്ലോയ്മെൻറ് എന്ന മറ്റൊരു പദം ഉപയോഗിച്ചു് കാര്യം നടത്തിപ്പോരിക്കുന്നു. എക്സ്റ്റൻഷൻ ആക്കം കൊടുത്തിട്ടില്ല എന്നു പറഞ്ഞു് ഞെളിഞ്ഞുനിൽക്കാം ഗവണ്മെൻറിനു്. പക്ഷെ ഇതു്, ഒരു വഴിയിൽനിന്നു മാറി മറ്റൊരു വഴിക്കു് കടന്നുവരുന്ന സമ്പ്രദായമേ ആകുന്നുള്ളൂ. ഉദ്യോഗസ്ഥന്മാരെ റീഎംപ്ലോയ് ചെയ്യുകയാണെങ്കിൽതന്നെ അതിനു് ഒരു അടിസ്ഥാനതത്വം ഗവണ്മെൻറ് സ്വീകരിക്കേണ്ടതായിട്ടുണ്ടു്. അത്യാവശ്യസ്വഭാവമുള്ള ഉദ്യോഗങ്ങൾക്കു്, ആളുകളെ കിട്ടാൻ വൈഷമ്യം നേരിടുന്ന അവസരത്തിൽ റീഎംപ്ലോയ്മെൻറോ എക്സ്റ്റൻഷനോ നടത്താം. ഇൻഡ്യാ ഗവണ്മെൻറിൽ മെഡിക്കൽ, പബ്ലിക്കു് ഹെൽത്തു്, ആഡിറ്റ് മുതലായി ചില ഡിപ്പാർട്ടുമെൻറുകളിൽ ചിലക്കു് ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്നുണ്ടു്. ഇവിടെയും സാങ്കേതികപരിജ്ഞാനം ആവശ്യമുള്ള ഡിപ്പാർട്ടുമെൻറുകളിൽ, സാങ്കേതികയോഗ്യതയുള്ള ആളുകളെ ലഭിക്കാതെവരികയാണെങ്കിൽ അപ്രകാരമുള്ള ആളുകളെ റീഎംപ്ലോയ് ചെയ്യുകയാണെങ്കിൽ അതിനെ സാധൂകരിക്കാം. അതുകൊണ്ടു് ഇതിലേയ്ക്കു് ഒരു പ്രിൻ

LIBRARY ARCHIVES Kerala Legislative Assembly

സിപ്പിൽ ഉണ്ടാക്കണം. അങ്ങനെ ഒരു രൂപം ഉണ്ടാക്കിയതിനു ശേഷം ആരുടെയെങ്കിലും വിപരീതമായി ആരെയെങ്കിലും റീഎംപ്ലോയ് ചെയ്യുകയാണെങ്കിൽ അതിലേയ്ക്ക് അസംബ്ലിയുടെ അനുവാദം നേരത്തേ വാങ്ങിയിരിക്കുകയും വേണം. ഇവിടെ, തങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ സഹായിക്കുന്നതിനും നിയമിക്കുന്നതിനുമായി, റീഎംപ്ലോയ്മെൻറ് എന്നൊരു സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്ന ഒരു പരിപാടി അംഗീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. അതിനുള്ള നീതീകരണം എന്താണെന്നു മനസ്സിലാകുന്നില്ല. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽത്തന്നെ ചില റിട്ടയർഡ് ഡാക്ടർമാരെ വീണ്ടും നിയമിച്ചിട്ടുള്ളതായി അറിയാം. അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ, അവർ ഡിപ്പാർട്ടുമെൻറിൽ മുപ്പതോളം കൊല്ലം സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണെന്നും, അവരുടെ സേവനം ഡിപ്പാർട്ടുമെൻറിന് ഇനിയും കുറേക്കാലത്തേയ്ക്കുകൂടി ലഭിക്കുന്നതു് ഡിപ്പാർട്ടുമെൻറിനേയും പൊതുജനങ്ങളേയും ആവശ്യമാണെന്നും, ഇപ്പോഴുള്ള ജൂനിയറന്മാരായ ഡാക്ടറന്മാർക്ക് സർജറിയിലും മറ്റും പരിചയം കുറവായിരിക്കുമെന്നുള്ളതിനാലും, ഇത്തരത്തിലുള്ള ഒന്നോ രണ്ടോ പേരെ ഒന്നോ രണ്ടോ വർഷത്തേയ്ക്കു വീണ്ടും നിയമിക്കുന്നതു് അത്യാവശ്യമാണെന്നും മനസ്സിലായി. ഇങ്ങനെയുള്ള നിയമനങ്ങൾ നടത്തുന്നതിൽ തെറ്റില്ല. നേരേ മറിച്ച്, അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെൻറുകളിൽ, അതായതു് സെക്രട്ടേറിയറ്റ്, സെയിൽസ് ടാക്സ്, ഇൻകംടാക്സ് മുതലായ ഡിപ്പാർട്ടുമെൻറുകളിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ, കാലാവധി കഴിഞ്ഞിട്ടും നിയമിക്കുന്നതിന്റെ നീതീകരണം മനസ്സിലാകുന്നില്ല. സർ, ഞാൻ വളരെ വ്യക്തമായി ചോദിക്കുകയാണ്, പാർട്ടിയുടെ അടിസ്ഥാനത്തിൽ ആക്ഷേപിക്കുകയല്ല, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ഒരൊറ്റ ആളെങ്കിലും ഇൻഡിസ്പെൻസബിൾ ആയ് ഉണ്ടോ എന്നുള്ള കാര്യം; സാങ്കേതികപരിചയമോ, ജനറൽ അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചുള്ള പരിജ്ഞാനമോ കണക്കിലധികം ഉള്ള ഒരൊറ്റ ആളെങ്കിലും ഉണ്ടോ; ഇല്ലെന്നു തിട്ടപ്പറയുവാൻ കഴിയുകയില്ല. അവർ എല്ലാം വളരെ പ്രാപ്തരായുള്ള ആളുകളാണ്. എനിക്ക് അവരെ വ്യക്തിപരമായ യാതൊരു പരിചയവും ഇല്ല. അങ്ങിനെ തെറ്റിദ്ധരിക്കേണ്ട. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം, ടാക്സേഷൻ സംബന്ധിച്ചും കളക്ഷൻ സംബന്ധിച്ചും നെടുങ്കോട്ടം, കാര്യവിവരത്തോടും 'ഒറിജിനാലിറ്റി'യോടും കൂടി പ്രവർത്തിക്കാൻ തന്റേടമുള്ള ഒരൊറ്റ ഉദ്യോഗസ്ഥനെങ്കിലും ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. എന്റെ ഈ ചോദ്യം തെറ്റാണോ എന്നു ശ്രീ. ചുമ്മാർ പറയട്ടെ. അദ്ദേഹം ഈ കാര്യങ്ങളെപ്പറ്റി കൂടുതൽ പഠിച്ചു പരിചയിച്ചു് അനുഭവം സിദ്ധിച്ചിട്ടുള്ള ഒരാളാണ്. അദ്ദേഹം പറയട്ടെ ഈ ഡിപ്പാർട്ടുമെൻറിൽ, ഡിപ്പാർട്ടുമെൻറിന് അപരിത്യാജ്യനായ ഒരൊറ്റ ഉദ്യോഗസ്ഥനെങ്കിലും ഉണ്ടായെന്നു് ജനാധിപത്യപരമായ സിദ്ധാന്തമനുസരിച്ചു് മന്ത്രിമാരായി വരുന്നവർ ഈ വക സാങ്കേതിക കാര്യങ്ങളെപ്പറ്റി ശരിയായ അറിവുണ്ടാകണമെന്നില്ല. അതുകൊണ്ട് അവരുടെ പ്രോത്സാഹനത്തിനു് ഇക്കാര്യത്തിൽ വിലപിക്കേണ്ടതില്ല. അതുകൊണ്ട് റീഎംപ്ലോയ്മെൻറ് എന്ന പേരിൽ കാര്യക്ഷമതയില്ലാത്ത ആളുകളെ നിയമിക്കുന്ന പാരമ്പര്യം സൃഷ്ടിക്കാൻ പാടില്ല എന്നാണ് ഞാൻ പറയുന്നതു്. നിയമത്തെ വിലപിച്ചു് ആവശ്യമില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ഒരു ഉദ്യോഗസ്ഥനു് ഇപ്പോൾ കാലവധി നിട്ടിക്കൊടുക്കാനും പുറ്റ് കാലപ്രാബല്യത്തോടുകൂടി ശമ്പളം കൊടുക്കാനുമായി ഒരു ഉപധനാഭ്യർത്ഥന കൊണ്ടുവന്നതു് ശരിയല്ല. അതുകൊണ്ടു് ഇതുസംബന്ധിച്ചു് ഒരു വ്യവസ്ഥ നിയമസഭ അംഗീകരിച്ചാ കൊള്ളാം. അവർക്കു് ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ വീണ്ടും നിയമിക്കുമെന്നു വരുമ്പോൾ ഓരോ തൊടുന്യായങ്ങൾ പറഞ്ഞാൽ മതിയോ എന്നാണെനിക്കറിയേണ്ടതു്. ഇപ്രകാരം സ്വന്തം ആളുകളെ നിയമിച്ചതിനുശേഷം ഇവിടെ വന്നു് കൈയും കലാശവും കാണിക്കുന്നതു് എന്തു വഷളായ ഏർപ്പാടാണു്? ഇതു് ഏതെങ്കിലും ഒരു തത്വത്തെ അടിസ്ഥാനമാക്കിയാണെങ്കിൽ അതു് ഇവിടെ വ്യക്തമായി പറയണം. ഈ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥനെപ്പറ്റി അനേകം പരാതികളുണ്ടു്. അതിനെപ്പറ്റി പത്രപ്രസ്താവനകളും ഉണ്ടായിട്ടുണ്ടു്. ഇപ്പോഴത്തെ എൻകമ്പയറി ആഫീസറായ ശ്രീ. കേരളവർമ്മ-എന്നു പറയുന്ന പുതിയ ഉദ്യോഗസ്ഥന്റെ മുൻപിലും ഇദ്ദേഹത്തെപ്പറ്റി പരാതി ഉണ്ടെന്നു കേൾക്കുന്നു. എന്നിട്ടും റീഎംപ്ലോയ് മെന്റോ?

ഇനിയൊരു കാര്യം പറയാനുള്ളതു് സെയിൽസ് ടാക്സ് ആക്റ്റ് പാസ്സാക്കി ആറേഴുമാസത്തോളമായിട്ടും അതിനെ സംബന്ധിച്ചുള്ള റൂൾസ് ഇന്നുവരെ പാസ്സാക്കിയിട്ടില്ല എന്നതാണു്. ഈ നിയമം മാത്രമല്ല, ഈ രാജ്യത്തു് ഗവണ്മെന്റ് പാസ്സാക്കിയിട്ടുള്ള എല്ലാ നിയമങ്ങളെ സംബന്ധിച്ചും ഒരു അനാസ്ഥയാണു് കാണുന്നതു്. ബഡ്ജറ്റിൽ കൊള്ളിക്കുന്ന സംഖ്യയെ സംബന്ധിച്ചിടത്തോളം അവ എങ്ങനെ ചെലവുചെയ്യുമെന്നു മുൻകൂട്ടി ആലോചിച്ചു് ഒരു തീരുമാനമെടുക്കാതെ ഇവിടെ കൊണ്ടുവന്നു് പാസ്സാക്കി ഇഷ്ടംപോലെ ചെലവുചെയ്യുന്ന പതിവിനേയും ഈ അനാസ്ഥയേയും ഞാൻ കഠിനമായാക്ഷേപിക്കുന്നു. വർഷാവസാനത്തിൽ ധൃതിപ്പെട്ടുള്ള ചെലവാണിവിടെ. ഇങ്ങനെ തിടുക്കത്തിൽ സംഖ്യകൊടുത്തു ചെലവാക്കുമ്പോൾ, അതായതു് കോടിക്കണക്കിനു രൂപ്പികയങ്ങനെ ഒഴുകുമ്പോൾ ശക്തിയായ ഒഴുക്കിപ്പെട്ടു് പലതും ഒഴുകിപ്പോകും. എത്ര സത്യസന്ധതയുള്ള ഗവണ്മെന്റായാലും ശരി, പലതും പിടിച്ചുനിത്താൻ സാധിക്കാതെവരും. അതുകൊണ്ടു് ഇങ്ങനെ കാര്യങ്ങളിൽ മുൻകൂട്ടി ഒരു തീരുമാനം ചെയ്തു് കാര്യങ്ങൾ കഴിയുന്നതും വേഗം നടപ്പിലാക്കണം. പുറ്റ് കാലപ്രാബല്യത്തോടുകൂടി ഒരു ഉദ്യോഗസ്ഥനു് ശമ്പളം കൊടുക്കാൻ വേണ്ടി മാത്രമാണല്ലൊ ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഈ തുക കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ കൊള്ളിക്കാമായിരുന്നില്ലേ? ബഡ്ജറ്റ് പാസ്സായി ആറേഴുമാസം കഴിഞ്ഞതിനു ശേഷമാണു് ഇത്രയും ത്വരിതിയും സത്യസന്ധതയും ലോകസമ്മതിയും ഉണ്ടെന്നു് ഗവണ്മെന്റിനു് ബോദ്ധ്യം വന്നിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ ശമ്പളത്തിനു വേണ്ടി ഈ ഗ്രാന്റ് കൊണ്ടുവന്നതു്. ഈ മഹാവിദഗ്ദ്ധനായ ഉദ്യോഗസ്ഥന്റെ നിലനിർത്തിനുവേണ്ടി എന്തുചെയ്യുന്നമെന്നു് ആലോചിച്ചപ്പോൾ ഫിനാൻസ് സെക്രട്ടറി പറഞ്ഞു, രണ്ടായിരത്തിഇരുനൂറു രൂപ ഉടനെ വേണമെന്നു്. ഗവണ്മെന്റ് അതനുസരിച്ചു് കൊടുക്കാൻ തയ്യാർ. ഈ ഇരിക്കുന്ന മന്ത്രിമാരൊക്കത്തരെക്കൊണ്ടും ഈ രാജ്യത്തു് മാനമായി കൊള്ളകൊടുക്കലുകൾ നടത്താൻ സാദ്ധ്യമല്ലെന്നു് എനിക്കു് അറിയാം. മേലാലെങ്കിലും ഇങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടിയാണു് ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഈ കാര്യം ഞാൻ പറയുന്നതു്. ഏതായാലും ഈ സപ്ലിമെൻററി ഗ്രാൻറിലുള്ള ഈ രണ്ടായിരത്തിഇരുനൂറു രൂപ എന്തുദിസ്ഥാനത്തിലാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ഈ ധനാഭ്യർത്ഥന കൊണ്ടുവരാതെ വേറെ മാർഗ്ഗമൊ ഉണ്ടോയെന്നു് അന്വേഷിക്കണമെന്നും എനിക്കഭിപ്രായമുണ്ടു്. ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരോടു്, പ്രത്യേകിച്ചു് വളരെക്കാലം ധനകാര്യമന്ത്രിയായിരുന്ന പരിചയമുള്ള ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രിയോടും, എല്ലാ കാര്യങ്ങളിലും പിടിപാടുണ്ടെന്നു് അഭിമാനിക്കുന്ന മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുവാനുള്ളതു് മേലാലെങ്കിലും ഈ വിഷയത്തിൽ അടിസ്ഥാനതത്വങ്ങളെ മാനിച്ചും, നാട്ടുകാരോടുള്ള ഉത്തരവാദിത്വത്തെ ഓർത്തും പ്രവർത്തിക്കണമെന്നാണു്. ഈ നിർദ്ദേശങ്ങളോടുകൂടി ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. ടി. ഒ. ബാവാ: സർ, ഞാൻ ഈ ഉപധാനാഭ്യർത്ഥനയെ അനുകൂലിക്കുന്നതോടൊപ്പം ചില വസ്തുതകൾ ചൂണ്ടിക്കാണിക്കണമെന്നു വിചാരിക്കുന്നു. സെയിൽസ്ടാക്സ് നിയമം ഭേദഗതി ചെയ്തതിനുശേഷം, ഒക്ടോബർ ഒന്നാം തീയതി മുതൽ അതു് ഈ രാജ്യത്തു നടപ്പിൽ വന്നിരിക്കുന്നതായി പ്രഖ്യാപിക്കപ്പെട്ടു. വ്യക്തമായ യാതൊരു നിർദ്ദേശവും ഈ നടപടിയിന്മേൽ അധികാരികൾ ആഫീസറന്മാർക്കു് നൽകാതിരുന്നതുകൊണ്ടു് ഈ സംസ്ഥാനത്തുള്ള ചില്ലറ വ്യാപാരികടക്കാർ പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടു്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ, എറണാകുളം സെയിൽസ്ടാക്സ് ആഫീസർ, അവിടത്തെ ചില്ലറ തുണിക്കച്ചവടക്കാരിൽ നിന്നു തുണിയുടെ സൂപ്പർഫൈൻ കാളിറ്റിയുടെ സ്റ്റാക്കു തിട്ടപ്പെടുത്തി, അതിൻറെ മുഴുവൻവിലയ്ക്കും രൂപയ്ക്കു് ഒന്നരയണ സെയിൽസ്ടാക്സ് കെട്ടുക്കണമെന്നു് പറയുന്നു.

[10 A. M.]

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സപ്ലിമെൻററി ഡിമാൻറ ചർച്ചചെയ്യുന്നതിനെ സംബന്ധിച്ചു് റൂംസിൽ പറയുന്നതു്:—

"The debate on the Supplementary grants shall be confined to the items constituting the same and no discussion may be raised on the original grants or policy underlying them save in so far as it may be necessary to explain or illustrate the particular items under discussion".

ഇവിടെ സെയിൽസ്ടാക്സിനെപ്പററിയല്ലാതെ ഉദ്യോഗസ്ഥന്മാരെപ്പററിയും മറെറാ പറയുന്നതു് ശരിയാണോ?

മി. ഡപ്യൂട്ടി സ്പീക്കർ: മറെറാ കാര്യങ്ങളും പറയുന്നതു് പ്രസക്തമല്ല. പൊതുവേ സെയിൽസ്ടാക്സിനെപ്പററി പറയാം.

ശ്രീ. ടി. ഒ. ബാവാ: മറെറ ചിലയിടത്തു മേലാൽ ചില്ലറ ജവുളി വ്യാപാരികൾ രൂപയ്ക്കു് ഒന്നരയണ ടാക്സുവച്ചു വില്ക്കുന്ന ചരക്കിനു ഗവണ്മെൻറിലേയ്ക്കു ടാക്സ് കൊടുക്കണമെന്നാണു് നിർദ്ദേശിച്ചിട്ടുള്ളതു്. ചരക്കെടുത്ത ഇൻവായിസ് റേറാ അനുസരിച്ചു് സ്റ്റാക്കിരിക്കുന്ന മുഴുവൻ മേൽത്തരം തുണികൾക്കും നികുതി ഒന്നായ് കൊടുക്കണമെന്നും ചില സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്മാർ ആവശ്യപ്പെടുന്നു. രണ്ടും മൂന്നും കൊല്ലങ്ങൾ കൂടുമ്പോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവ]

ഴാണ് സൂപ്പർഫൈൻ കയർ തുണികൾ കച്ചവടക്കാർ സ്റ്റോക്കുചെയ്യുന്നത്. മേൽത്തരം തുണികളുടെ അന്നത്തെ വില ഇന്നത്തെക്കാൾ രണ്ടും മൂന്നും ഇരട്ടിയാണെന്നുള്ള വസ്തുത എല്ലാവർക്കും അറിയാം. ഇപ്പോൾ രണ്ടു രൂപ വിലയുള്ള തുണിക്ക് നാലുകൊല്ലം മുൻപ് 5 രൂപ വിലയുണ്ടായിരുന്നു. ഇങ്ങനെയുള്ള സൂപ്പർഫൈൻ കയർ തുണികൾക്ക്, ലിനൻ എന്നിതരം തുണികൾക്കാണ് ഒന്നരയണ വില്പന നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. ലിനൻപോലെയുള്ള സാധനങ്ങൾ വളരെയധികം ചെലവില്ലാത്തതുകൊണ്ട് മൂന്നും നാലും കൊല്ലങ്ങൾ കൂടുമ്പോൾ മാത്രമേ സ്റ്റോക്കുചെയ്യാറുള്ളൂ. 5 രൂപ വിലയ്ക്കെടുത്തിട്ടുള്ള തുണിക്ക് ഇന്ന് വില കുറവുമൂലം ഒരു രൂപയ്ക്കും ഒന്നര രൂപയ്ക്കും വിറ്റുകൊണ്ടിരിക്കുകയാണ്. സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻ എടുത്ത ഇൻവായിസ് റേറ്റ് കണക്കാക്കി സെയിൽസ്ടാക്സ് കെട്ടണമെന്നു പറയുന്ന പക്ഷം ഒരു രൂപയുടെ തുണിക്കു പിഴ നികുതികൊടുക്കേണ്ടിവരും. ഇത്തരം തുണികൾ ഇന്നു മാർക്കറ്റിൽ ഒരു രൂപയ്ക്കു വാങ്ങാൻ കഴിയും. ഇന്ന് ഒരു രൂപയ്ക്കു വാങ്ങാൻ സാധിക്കുന്ന തുണിക്ക് അഞ്ചുകൊല്ലത്തെ ഇൻവായിസു വിലയുടെ അടിസ്ഥാനത്തിൽ ടാക്സ് കൂമത്തിയാൽ ഒന്നരരൂപയ്ക്കു അതു വിൽക്കേണ്ടിയിരിക്കുന്നു. നേരേമറിച്ചു മൊത്തം വ്യാപാരിയുടെ പക്കൽനിന്നും ഇപ്പോൾ സൂപ്പർ ഫൈൻ കയർതുണിത്തരങ്ങൾ വാരയ്ക്ക് ഒരു രൂപാക്രമത്തിൽ കിട്ടുന്നതും അതിനും ഒന്നരയണ ടാക്സ് ചില്ലറക്കച്ചവടക്കാരൻ കൊടുത്താൽ മതിയാവുന്നതുമാണ്. അയാൾക്ക് അതു ഒരു രൂപാരണ്ടണയ്ക്കു വിൽക്കുവാനും കഴിയും. അവരുടെ പക്കൽ മുൻപിരുന്ന ചരക്കുകൾക്കു ഇൻവായ്സു നിരക്കനുസരിച്ചാണ് നികുതി ചുമത്തുന്നതെങ്കിൽ ഒന്നരരൂപയിൽ കുറച്ചു വില്പാൻ സാദ്ധ്യമല്ല. തൻമൂലം പഴയ ചരക്കു വിറ്റഴിക്കാൻ സാധിക്കാതെയും വരുന്നു. ഒരിക്കലും വില്പന നടക്കുകയില്ലാതെ ടാക്സ് ചെയ്യാൻ പാടില്ലാത്തതാണ്.

മറ്റൊരുകാര്യം എനിക്കു പറയാനുള്ളതു് ഈ ഭേദഗതിനിയമംമൂലം ഫസ്റ്റു സെയിൽസിനു ഒന്നേകാലണ നികുതി ഏർപ്പെടുത്തിയിരിക്കുന്നു. ഈ ഫസ്റ്റു സെയിൽ എവിടെയാണ് നടക്കുന്നത്. ചില്ലറക്കച്ചവടക്കാരാണോ ഒന്നാമത്തെ വില്പനക്കാർ? ഒരിക്കലുമല്ല. അതിനാൽ ചില്ലറക്കച്ചവടക്കാരെ ഈ ഒന്നരയണ ഈടാക്കുന്ന പതിവിൽനിന്നും ഒഴിവാക്കേണ്ടതു വളരെ ആവശ്യമാണ്. പത്തും അഞ്ഞൂറും രൂപാമാത്രം മുടക്കി കയർ ജോലിക്കുവേണ്ടി ജീവിക്കുന്നവരും ഒക്ടോബർ ഒന്നാംതീയതിമുതൽ ഒന്നാമത്തെ വില്പനക്കാരനാണെന്നും പറഞ്ഞു നികുതിചുമത്തുന്നതു അനീതിയാണ്. അവരെയെല്ലാം ഇതിൽനിന്നും ഒഴിവാക്കണം. ഒരു നിയമം ഭേദഗതിചെയ്യുമ്പോൾ അതിലെ വ്യക്തമായ വിവരങ്ങൾ കച്ചവടക്കാർക്കു നേരത്തേ നൽകാറുണ്ടു്. അതുകൊണ്ടു പാവപ്പെട്ട കച്ചവടക്കാർ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. ഇവിടത്തെ മൊത്തക്കച്ചവടക്കാർ ഒന്നരയണ സെയിൽസ്ടാക്സ് കൊടുക്കണമെന്നു പറഞ്ഞിട്ടു പ്രക്ഷോഭണമോ ഹർത്താലോ നടത്തിയതായി ഇതുവരെ അറിവില്ല. എന്നാൽ ഇന്നു രാജ്യത്തു അങ്ങോളമിങ്ങോളം ഉള്ള എല്ലാ ചില്ലറജീവികച്ചവടക്കാരും ഹർത്താലനുഷ്ഠിച്ചുവരുന്നു എന്നവിവരം ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇവിടത്തെ നിസ്സാര കച്ചവടക്കാർ നശിക്കുവാനുള്ള കാരണം കൂടി, വ്യക്തമല്ലാത്ത ഇത്തരം നിർദ്ദേശംമൂലം വന്നുചേരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവരോട് നിസ്സാരമായ വൈരാഗ്യമോ, അല്ലെങ്കിൽ അമർഷമോ ഉള്ള ഉദ്യോഗസ്ഥന്മാർക്ക് സ്റ്റാക്കുതിട്ടപ്പെടുത്തുന്നതു തെറ്റാണെന്നവരുത്താൻ അത്ര വിഷമമൊന്നുമല്ല. സ്റ്റാക്കു തിട്ടപ്പെടുത്തുന്ന രീതിയും അതിനു കണക്കാക്കുന്ന വിലയും ശരിയായ രൂപത്തിൽ കാണാൻ സാദ്ധ്യമല്ല. കച്ചവടക്കാർ കൊടുക്കുന്ന സ്റ്റേറ്റുമെൻറുകളും ഉദ്യോഗസ്ഥന്മാർ വിശ്വസിക്കാതെ അന്യായമായ ടാക്സ് ചുമത്തുന്ന രീതിയിലാണ് ഇതിന്റെ ഡിപ്പാർട്ടുമെൻറൽ ഹെഡ് നിർദ്ദേശം കൊടുത്തിരിക്കുന്നതു്. ഈ നിർദ്ദേശങ്ങളെ പ്പറ്റി ഗവണ്മെൻറു പരിഗണിക്കുകയും നിസ്സാര കച്ചവടക്കാരെ ഇപ്പോൾ അവരുടെപക്കലുള്ള മേൽത്തരം തുണികൾക്ക് ഫസ്റ്റ് സെയിൽസ് എന്നു പറഞ്ഞു് ഒന്നരയണ ടാക്സ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുകയും ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണ്. ഫസ്റ്റു സെയിൽ എന്നു പറയുന്നതു ഇംപോർട്ടേഴ്സും മില്ലുകാരും സംസ്ഥാനത്തു ആദ്യം വിൽക്കുന്നതിനാണെന്നും അങ്ങനെയുള്ള മൊത്തക്കച്ചവടക്കാരിൽ നിന്നും ടാക്സ് രൂപയ്ക്കു ഒന്നരയണവീതം ഈടാക്കണമെന്നും വ്യാഖ്യാനിക്കേണ്ടതാണ്. നിസ്സാര കച്ചവടക്കാരുടെ കാര്യത്തിൽ ഫസ്റ്റുസെയിൽസുടാക്സു ചുമത്തരുതെന്നു ഞാൻ ഗവണ്മെൻറിനോടപേക്ഷിക്കുന്നു.

മി. ഡപ്യൂട്ടി സ്പീക്കർ: ഒരു സംഗതി എനിക്കു സഭയെ അറിയിക്കുവാനുണ്ടു്. ഇരുപത്തിനാലോളം ഡിമാൻഡുകൾ ഇന്നത്തേയ്ക്കു വച്ചിട്ടുണ്ടു്. ഇതിനനുവദിച്ചിട്ടുള്ള സമയം ഒരു ദിവസം മാത്രമാണു്. ഇതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം ഇന്നത്തേതുകൊണ്ടു് അവസാനിക്കണം. അതുകൊണ്ടു് ഒരു മണിക്കു തീരുന്നിടത്തോളം ഡിമാൻഡുകൾ എടുത്തതിനു ശേഷം ബാക്കിയുള്ളതു മുഴുവൻ ഇന്നു വോട്ടിനിടുന്നതാണു്.

SHRI A. THANU PILLAI: It has not been announced that a day alone is allotted for this business.

MR. DEPUTY SPEAKER: It is announced now from the Chair.

SHRI A. THANU PILLAI: Now the discussion on this matter has gone on for one and a quarter hours, and the announcement is made that these demands can be discussed only for one day. That is not fair. That is not at all enough. In all humility I submit it is not fair. In fact I was under the impression that enough time could be taken for this purpose. The announcement should have been made at the very start, and the discussions could have been regulated accordingly.

MR. DEPUTY SPEAKER: Now I make the announcement that the discussion on this matter will be only for the day.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇവിടെ ഞാൻ അവതരിപ്പിച്ച ഡിമാൻഡിനെ എന്റെ പ്രിയ അഭിപ്രായത്തിൽ വളരെ ഔചാരികമായുള്ളതാണു്. അതിനെസംബന്ധിച്ചു് ഇത്രയേറെ പരത്തി ഒരു നിരൂപണമുണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഒരു ജനറൽ ബഡ്ജറ്റു ഡിസ്കഷൻ സമയത്തുന്നയിക്കുന്നതിനിയിലുള്ള വിമർശനങ്ങളും ഈ അവസരത്തിൽ ഉന്നയിച്ചുകാണുകയുണ്ടായി. അതെന്നെ വാസ്തവത്തിൽ കുറച്ചു് അത്ഭുതപ്പെടുത്തി. ഒടുവിൽ ബഹുമാന്യപ്പെട്ട നേമംമെംബർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ശ്രീ. വിശ്വംഭരൻ ഇത്തരത്തിലുള്ള ഒരു നിരുപണത്തിന്റെ അസാംഗത്യം എടുത്തുകാണിച്ചുതന്നുവെങ്കിലും ഈ സഭയിലെല്ലാവർക്കും ഇതിന്റെ വ്യത്യാസം മനസ്സിലായതു് എന്നു തോന്നുന്നു. എങ്കിലും ഇവിടെ പറഞ്ഞ കാര്യങ്ങൾക്കു് മറുപടി പറയാതെ തരമില്ല.

സെയിൽസ്ടാക്സ്ഡിപ്പാർട്ടുമെന്റിലേയ്ക്കു് നാല്പതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന കൊണ്ടുവന്ന അവസരത്തിൽ എന്റെ സ്നേഹിതനായ പ്രതിപക്ഷനേതാവു് കടികിടപ്പുനിയമത്തെപ്പറ്റിപ്പോലും പറയുവതിനുമുമ്പിന്നിട്ട നേരത്തേയ്ക്കു് പ്രസംഗിക്കുകയുണ്ടായി. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. താണുപിള്ള ഫിനാൻഷ്യൽ മെഷേഴ്സിനെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ സമയം പോരാത്തതിനെപ്പറ്റി പറഞ്ഞു. അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന പ്രതിപക്ഷനേതാവു് ഈ അവസരം ഉപയോഗിച്ചതു് കടികിടപ്പുആക്ടിനെ സംബന്ധിച്ചു പുറപ്പെടുവിച്ച രൂളുകളുടെ ചില ദോഷങ്ങളെപ്പറ്റി പ്രതിപാദിക്കാനാണു്.

ശ്രീ. എ. താണുപിള്ള : ബഹുമാനപ്പെട്ട മന്ത്രി ഇനിയും ഈവക കാര്യങ്ങളെപ്പറ്റി പറഞ്ഞു സമയം കളയാതെ ഇരിക്കുകയല്ലയോ നല്ലതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സമയം കളയുന്നതും വീതം വച്ചാകട്ടെയെന്നു കരുതി.

ശ്രീ. ടി. വി. തോമസ്സ് : പൊതുവെ ഗവണ്മെന്റു് എടുത്തിരിക്കുന്ന നയം കാണിക്കുവാൻവേണ്ടി അക്കാര്യം പറഞ്ഞതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് നന്നായി. ഇതിനെപ്പറ്റി ഉണ്ടാക്കിയ രൂളുകൾ കുറെനേരം വൈകിയാണു് ഉണ്ടാക്കിയതു്, അതു് ഗവണ്മെന്റിന്റെ അനാസ്ഥകൊണ്ടാണു്, എന്നെല്ലാം ബഹുമാനപ്പെട്ട ആലപ്പുഴമെംബറും ചേർപ്പുമെംബറും പറയുകയുണ്ടായി. പെട്ടെന്നു കേട്ടാൽ അതു് ശരിയാണെന്നു തോന്നാം. കഴിഞ്ഞ നിയമസഭയിലാണു് ഈ ബില്ലു് പാസ്സായതു്. അന്നുതന്നെ ബില്ലു നടപ്പിലായി എന്ന ധാരണയിലാണു് ഇതു പറഞ്ഞതു്. ബഹുമാനപ്പെട്ട ചേർപ്പുമെംബറിന്റെ പാണ്ഡിത്യത്തിന്റെ പിന്നിലും ഈ അറിവില്ലായ്മ ഉണ്ടായിരുന്നു. ഈ ബിൽ നിയമമായതു് പ്രസിഡന്റിന്റെ സാംക്ഷൻ വന്നപ്പോഴാണു്. ഇതു് പ്രസിഡന്റിന്റെ സാംക്ഷൻ വേണ്ട ഒരു നിയമമാണു്. അടുത്ത അവസരത്തിലാണു് സാംക്ഷൻ വന്നതു്. അതിനശേഷമേ ഇതിന്റെ രൂളുകൾ പ്രസിദ്ധപ്പെടുത്താൻ സാധിക്കുമായിരുന്നുള്ളു. അതുകൊണ്ടാണു് രൂളുകൾ പ്രസിദ്ധപ്പെടുത്താൻ ഇത്രയും താമസം വന്നതു്. അല്ലാതെ ഗവണ്മെന്റിന്റെ അനാസ്ഥകൊണ്ടല്ല. ഈ രൂളുകളിൽ ചില പിശകുകൾ ഉണ്ടെന്നു പറഞ്ഞു. ശ്രീ. ചുമ്മാറും അതിനെപ്പറ്റി പറയുകയുണ്ടായി, അതിന്റെ വിവരങ്ങൾ വേണ്ടിടത്തോളം എന്റെ കൈവശമില്ല. ഈ അവസരത്തിൽ ഈ രൂളുകളെപ്പറ്റി ഒരു വാദപ്രതിവാദമുണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

സെയിൽസ്ടാക്സ്, ഇൻകംടാക്സ് മുതലായവയുടെ രൂൾസും വളരെയേറെ വിഷമങ്ങളുണ്ടാക്കുന്നവയാണു്. വേണ്ടിടത്തോളം അതു

LIBRARY ARCHIVES Kerala Legislative Assembly

വ്യാപ്തി ഉണ്ടായില്ലെന്നു വന്നേക്കാം. ആ വിഷമം ഓർത്തിട്ടാണു് ഈ വാദ പ്രതിവാദത്തിൽ പരാമർശനം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ ഒരു ഓല്ലത്തേയ്ക്കുകൂടി നിയമിച്ചതു്. കഴിഞ്ഞ നിയമസഭയിൽ ഈ ബി നിയമമായതിനുശേഷം ഇത്രയേറെ വിഷമം ഉണ്ടായിട്ടുണ്ടെന്നു് എല്ലാ അംഗങ്ങളും സമ്മതിക്കുന്ന ഇതിന്റെ റൂളുകൾ ഉണ്ടാക്കാനായി ഇത്ര നാളും ഇതു് കൈകാര്യം ചെയ്ത ആളല്ലാതെ മറ്റൊരാളെ ചുമതലപ്പെടുത്തിയാ വാസ്തവത്തിൽ വിഷമം ഉണ്ടാകും. ഈ ബിൽ ഉണ്ടാക്കിയ അതേ ആളെതന്നെ ആ ബില്ലിനെ സംബന്ധിച്ചുള്ള റൂളുകളും ഫൈലാകളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിന്റെ മെച്ചം കണ്ടിട്ട്, ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ പറഞ്ഞതുപോലെ എത്രയും വേഗത്തിൽ അതു് നടപ്പാക്കണമെന്നുണ്ടെങ്കിൽ, ഒരു റവന്യൂ ഹാൻഡിനെ നിയമിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നു് ഗവണ്മെന്റിനു തോന്നി. എന്താണ്ടു് മൂന്നുനാലു കോടി രൂപ ഗവണ്മെന്റിനു വരുമാനമുണ്ടാക്കിക്കൊടുക്കുന്ന ഇക്കാര്യത്തിനു് ഈ അവസരത്തിൽ മറ്റൊരാളെ ചുമതലപ്പെടുത്തുന്നതായാ അതു് ഗവണ്മെന്റിനെ വളരെ വിഷമിപ്പിക്കുന്ന ഒരു കാര്യമായിരിക്കും എന്നുള്ള ബോദ്ധ്യംകൊണ്ടാണു് ഈ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തതിന്റെശേഷം ഒരു കൊല്ലത്തേയ്ക്കുകൂടി റീ അപ്പോയിന്റു ചെയ്തതു്. അങ്ങനെ റീ അപ്പോയിന്റു ചെയ്യുമെന്നു് ഒരു അപേക്ഷപോലും ആ ഉദ്യോഗസ്ഥൻ ഗവണ്മെന്റിലേയ്ക്കു് അയച്ചിരുന്നില്ല. ആ ഉദ്യോഗസ്ഥൻ റിട്ടയർചെയ്ത അവസരത്തിൽ ആരെയാണു് പകരം നിയമിക്കേണ്ടതെന്നു് ക്യാബിനറ്റു് ആലോചിച്ചു. ഇങ്ങനെയുള്ള വിഷമഘട്ടത്തിൽ ആ ഉദ്യോഗസ്ഥനു പകരം പറയത്തക്ക മറ്റൊരാളെ കാണാത്തതുകൊണ്ടു് വരുണ്ടാക്കുന്നതിനും പുതിയ വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനുംവേണ്ടി ആ ഉദ്യോഗസ്ഥനെത്തന്നെ ഒരു കൊല്ലത്തേയ്ക്കു റീ അപ്പോയിന്റു ചെയ്യുകയാണുണ്ടായതു്. അതു് ഗവണ്മെന്റിന്റെ ആവശ്യമനുസരിച്ചു ചെയ്തതാണു്. അല്ലാതെ ആ ഉദ്യോഗസ്ഥന്റെ ആവശ്യമോ അപേക്ഷയോ അനുസരിച്ചു ചെയ്തതല്ല. ഈ വ്യത്യാസം മനസ്സിലാക്കാൻ ഞാൻ ബഹുമാനപ്പെട്ട സഭയോടപേക്ഷിക്കുന്നു.

റിട്ടയർചെയ്യുന്ന അവസരത്തിൽ കുറച്ചു കാലംകൂടി ഗവണ്മെന്റിൽ തുടർന്നുപോകണമെന്നാഗ്രഹിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ടു്. ആ അപേക്ഷ അനുവദിക്കുന്നതു് ഒരു കാര്യം, ഗവണ്മെന്റിന്റെ ഏതെങ്കിലും കാര്യത്തിനുവേണ്ടി റിട്ടയർചെയ്ത ഒരാളെ വീണ്ടും നിയമിക്കണമെന്നു തോന്നുന്നതു് മറ്റൊരു കാര്യം. രണ്ടാമത്തെ കാര്യമാണു് ഇവിടെ സംഭവിച്ചതു്. അതുകൊണ്ടു് ഈ ബിൽ നിയമസഭ പാസ്സാക്കുകയും അതിന്റെ റൂളുകൾ ഉണ്ടാക്കാൻ കഴിയാതിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അതു പൂർത്തിയാക്കുന്നതിനുവേണ്ടി അതിനിടയിൽ റിട്ടയർചെയ്ത ഉദ്യോഗസ്ഥനെ വീണ്ടും നിയമിക്കുകയാണുണ്ടായതു്.

ശ്രീ. പി. വിശ്വംഭരൻ : പബ്ലിക്കേഷൻസു ഡിപ്പാർട്ടുമെന്റിൽനിന്നും പുറപ്പെടുവിച്ച പ്രസ്സുനോട്ടിൽ ഇങ്ങനെയല്ലല്ലോ കാണുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പക്ഷേ, ഇവിടെ റീ അപ്പോയിന്റുമെന്റാണു് നടന്നതു്. റിട്ടയർ ചെയ്തതിനുശേഷം റീ അപ്പോയിന്റുമെന്റു് നടത്തിയതല്ലാതെ ഇൻക്രിമെന്റു കൊടുത്തിട്ടില്ല. റിട്ടയർ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അവസരത്തിലെ ശമ്പളം മാത്രമേ കിട്ടുകയുള്ളു. പെൻഷൻ സബ്സ്റ്റൻറ് ചെയ്തു നിറുത്തും. അതാണ് നയം. "പുഴയുടെ മദ്ധ്യത്തിൽവച്ച് പുഴ കടക്കാൻ ഉപയോഗിക്കുന്ന കുതിരയെ മാറ്റരുതു"" എന്നു് ഇഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. അതുകൊണ്ടു് പരിചയസമ്പന്നനായ രാമനെ അപ്പോൾ നിയമിക്കാൻ പ്രാപ്തനല്ലാത്തതുകൊണ്ടു് വീണ്ടും ആ ഉദ്യോഗസ്ഥനെത്തന്നെ നിയമിച്ചതാണു്.

ശ്രീ. ടി. കെ. ദിവാകരൻ : എത്രതങ്കിലും ഒരു ആക്റ്റ് പാസ്സായിക്കഴിഞ്ഞതിനുശേഷം റൂൾസ് പാസ്സാക്കുന്നതിനുമുമ്പു് ഒരു ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുന്നപക്ഷം ഈ നയമാണോ എല്ലാ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും ഗവണ്മെൻറ് അനുവർത്തിക്കാൻ പോകുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ബാലിശമായ ഒരു ചോദ്യമാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇതാണോ ഗവണ്മെൻറിന്റെ പൊതുവേയുള്ള നയം എന്നു ചോദിച്ചതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ഈ ഉദ്യോഗസ്ഥൻ ഒരു അഴിമതിക്കാരനാണു് എന്നർത്ഥം വരത്തക്കവിധത്തിൽ ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം അങ്ങനെ പറഞ്ഞതിൽ എനിക്കു വളരെ ഏറെ ഖേദമുണ്ടു്. അദ്ദേഹത്തിന്റെ ബഹുമാന്യമായ ഈ സ്ഥാനം ഉപയോഗിച്ചുകൊണ്ടു് ഈ നിയമസഭാവേദിയിൽവച്ചു് ഇങ്ങനെ പറഞ്ഞതു ശരിയായില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെയൊരാക്ഷേപം ഇതുവരെ ഗവണ്മെൻറിന്റെ അടുത്തുവന്നതായി ഞാൻ അറിഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവനന്തപുരത്തെ ഏതാനും പകയിലമൊത്തക്കച്ചവടക്കാർ ആ ഉദ്യോഗസ്ഥനെപ്പറ്റി അയച്ചിട്ടുള്ള പരാതിയിന്മേൽ ശ്രീ. കേരളവർമ്മയെക്കൊണ്ടു്, അദ്ദേഹം ഒരു സെക്രട്ടറിയായിരുന്നകാലത്തു് അന്വേഷണം നടത്തി ഒരു റിപ്പോർട്ട് ബോർഡ് ഓഫ് റവന്യൂവിലേയ്ക്കു് അയച്ചിട്ടുണ്ടായിരുന്നു. അതിനു് എന്തു നടപടി നടന്നിട്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ചോദ്യത്തിൽനിന്നുതന്നെ അതു് ഏതു അബദ്ധമാണെന്നു് മനസ്സിലാക്കാൻ കഴിയും. ഒരു ഗവണ്മെൻറ് സെക്രട്ടറിക്കു ബോർഡ് ഓഫ് റവന്യൂവിലേയ്ക്കു് റിപ്പോർട്ടയക്കേണ്ട ആവശ്യമില്ല. ഗവണ്മെൻറ് സെക്രട്ടറിയുടെ കീഴിലാണു് ബോർഡ് ഓഫ് റവന്യൂ.

ശ്രീ. ടി. കെ. ദിവാകരൻ : ആ റിപ്പോർട്ട് അഭിപ്രായത്തിനായി ബോർഡ് ഓഫ് റവന്യൂവിലേയ്ക്കു് അയച്ചതായിരിക്കാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ അതിനെപ്പറ്റി കേട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ചതുപോലെ എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടെങ്കിൽ അവയെപ്പറ്റി പരിശോധിച്ച് ശരിയായി നടപടി എടുക്കാൻ യവണ്മെൻറ് എപ്പോഴും ഒരുക്കമാണെന്ന് പറഞ്ഞുകൊള്ളട്ടെ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ നിയമം പാസാക്കി പ്രസിഡൻറിന്റെ അനുമതിക്ക് അയച്ചതു് എന്നാണെന്ന് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നാണെന്ന് എനിക്ക് ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഒരു ബിൽ തിരിയെ വരാൻ എത്ര കാലതാമസം വേണ്ടിവരുമെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു കീഴ്വഴക്കമനുസരിക്കേണ്ടതു് പ്രസിഡൻറാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഞാൻ ചോദിച്ചതു് ഈ നിയമത്തിനു കഴിയുന്നതും വേഗം അനുമതി കിട്ടാൻ ഈ ഗവണ്മെൻറിൽ നിന്നും പ്രത്യേക വല്ല ശ്രമവും നടത്തിയിട്ടുണ്ടോ എന്നു് അറിയാൻ വേണ്ടിയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ നിയമത്തെ സംബന്ധിച്ചു് ഇതു വലിയ ഒരു പാർട്ടിപ്രശ്നവാദം ഇവിടെ ഉണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ബഹുമാനപ്പെട്ട ചെയർപ്പേഴ്സൺ താൻ പിടിച്ച മുയലിനു് മൂന്നുകൊമ്പു് എന്നുള്ള പിടിവാദം മാറുന്നതു നന്നായിരിക്കും. അദ്ദേഹം ആവലാതിപ്പെടുന്നതു് കഴിഞ്ഞ നിയമസഭയിൽ പാസാക്കിയ ബില്ലിൽ ഈ ഒക്ടോബർവരെ ഇളവു് കൊടുക്കാതെ താമസപ്പെടുത്തിയതു് ആക്ഷേപമാണെന്നാണു്. അതിന്റെ സകല വിവരങ്ങളും മനസ്സിലാക്കത്തക്കവണ്ണം ഞാൻ പ്രതിപാദിച്ചുവെങ്കിലും അദ്ദേഹം അതൊന്നും ചെവിക്കൊള്ളാത്തതു് വളരെ ഖേദകരമായിപ്പോയി.

ശ്രീ. പി. കെ. കുഞ്ഞു് : ഇൻസ്പെക്ടർ ജനറൽ, മൻപ പരീക്ഷയിൽസൂപ്രണ്ട് ഉദ്യോഗസ്ഥന്റെ പേരിൽ എൻക്വയറിക്കായി വല്ല നടപടിയും നടത്തിയിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്ക് അതേപ്പറ്റി അറിവില്ല.

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങനെ ഉണ്ടായിരുന്നാൽ തക്കതായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീർച്ചയായിട്ടും. സർ, ഇവിടെ ആരോപണമുണ്ടായിട്ടുള്ളതു് ആ ഉദ്യോഗസ്ഥനെ പൂർവ്വകാല പരിഗണനവച്ചു് ശമ്പളം കൂട്ടിക്കൊടുത്തു എന്നാണു്. ആ അഭിപ്രായം തീരെ ശരിയല്ല. അങ്ങനെയല്ല ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് അങ്ങനെയുള്ള തെറ്റിദ്ധാരണ ഈ അവസരത്തിൽ മാറുന്നതിനു് എന്റെ വകയായി ഉപകരിക്കുമെന്നതന്നെയാണു് ഞാൻ വിചാരിക്കുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എന്നാണു് ഈ ഉദ്യോഗസ്ഥന്റെ ശമ്പളം ഫിക്സ്ചെയ്തതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറച്ചു മുൻപാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ശമ്പളം ഫ്രീക്സ് ചെയ്യുന്നതിൽ സ്വീകരിക്കുന്ന പൊതുനയമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിശേഷിച്ച് പൊതുനയമൊന്നുമില്ല.

SHRI O. R. CHUMMAR: What was the order passed in respect of this matter?

SHRI PANAMPILLI GOVINDA MENON: That his grade is raised from Rs. 450 to Rs. 750.

SHRI O. R. CHUMMAR: May I know whether that required a further order from Government?

SHRI PANAMPILLI GOVINDA MENON: I do not remember. But his initial pay was fixed and on that there was further correspondence.

ഇതുകൂടാതെ ബഹുമാനപ്പെട്ട ചേർപ്പു മെംബർ ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളിൽ പ്രധാനപ്പെട്ടതു് സറണ്ടർചെയ്യേണ്ട കാര്യത്തെപ്പറ്റിയാണ്. അതായതു് നീക്കിവച്ചിട്ടുള്ള പണം ചെലവുചെയ്യാൻ സാധിക്കാതെ വന്നാൽ ആ പണം സറണ്ടർ ചെയ്യേണ്ടതാണെന്നാണ് അദ്ദേഹം പറയുന്നതു്. എന്നാൽ ഇപ്പോൾ അങ്ങനെ ചെയ്യാൻ സാധ്യമല്ല. കാരണം ഈ സാമ്പത്തിക വർഷം ഇനിയും ആറുമാസക്കാലത്തോളമുണ്ട്. അങ്ങനെയിരിക്കെ ഒരു പക്ഷേ സറണ്ടർ ചെയ്താലും സപ്ലിമെന്ററി ഗ്രാന്റിന്റെ ആവശ്യം വന്നേയ്ക്കും. മാത്രവുമല്ല പണം സറണ്ടർചെയ്തശേഷം അതു് മറ്റൊരു ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിലേക്കായി ഉപയോഗിക്കാനും നിവൃത്തിയില്ല. ആ സ്ഥിതിക്കു് സറണ്ടറിന്റെ പ്രശ്നം തന്നെ ഇവിടെ സംഗതമല്ല.

ശ്രീ. എ. താണുപിള്ള: ഒരു സംഗതി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ? അതായതു് 22-9-52-ൽ ഈ ഉദ്യോഗസ്ഥന് എത്ര ശമ്പളമുണ്ടായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഡേറ്റിൽ അദ്ദേഹത്തിനു് 350-450 ഗ്രേഡിൽ 450 രൂപ ശമ്പളമുണ്ടായിരുന്നു. പുതിയ ശമ്പളസ്കെയിൽ വന്നപ്പോൾ അദ്ദേഹത്തിനു് ഇനിഷ്യൽ സാലറി 450 രൂപയിൽ നിന്നും 500 രൂപയാക്കി. ഇരുയേളുള്ളു. അതു് 1952-ലാണ്.

ശ്രീ. പി. വിശ്വംഭരൻ: ഒരു ഗ്രേഡിൽ നിന്നും മറ്റൊരു ഗ്രേഡിലോട്ടു് പ്രമോട്ടുചെയ്യുന്ന ഒരു കൊല്ലം കഴിയുമ്പോൾ ഇൻക്രിമെന്റ് കിട്ടുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രമോട്ട ചെയ്കയാണെങ്കിൽ ഒരു കൊല്ലം കഴിയുമ്പോൾ ഇൻക്രിമെന്റ് കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

SHRI O. R. CHUMMAR: Is there not a rule that when the pay of an officer is revised, it should be fixed at the next stage of the scale?

SHRI PANAMPILLI GOVINDA MENON: That is the rule.

SHRI O. R. CHUMMAR: According to that rule when the pay of the officer is revised in the scale of 450 to 750, his pay should naturally be at Rs. 500/. Is it not so?

SHRI PANAMPILLI GOVINDA MENON: Yes. By mistake that rule might not have been applied.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സപ്ലിമെൻററി ഗ്രാൻറിനെപ്പററി ശ്രീ. ആലപ്പുഴ മെംബറും ആലുവാ മെംബറും സെയിൽസ് ടാക്സ് നിയമത്തിൽ വന്നുകൂടിയിട്ടുള്ള ചില പോരായ്മകളേയും കെടുതികളേയുംപ്പററി സംസാരിക്കുകയുണ്ടായി. ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും സംബന്ധിച്ച് സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവരുമ്പോൾ നിയമത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളെ സംബന്ധിച്ച് സംസാരിക്കുകയാണ് ചെയ്യുന്നത്. നിയമനിർമ്മാണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെംബറന്മാരുടെ വാദഗതിക്ക് ഒരു മറുപടി പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. സർ, ഈ ഡിമാൻറ് പാസ്സാക്കിത്തരണമെന്ന അപേക്ഷിക്കുന്നു.

The question that a supplementary sum not exceeding Rs 42,200 be granted under Demand I--13. Other Taxes and Duties was put and carried.

The Grant was made.

Demand II—7 Land Revenue.

Home Minister (SHRI A. J. JOHN): sir, I rise to move for a supplementary grant of Rs. 1,94,000 under Demand II-7 Land Revenue. The amount is comprised of items 4, 5, 6, 7, 8, 9, 10 and 12 in the schedule of supplementary demands 1955—1956.

Chief Minister (SHRI PANAMPILLI GOVINDA MENON) : I second it.

ശ്രീ. എ. ജെ ജോൺ : കൊച്ചിയിൽ ബേസിക് ടാക്സ് നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച് കൊമേഴ്സ്യൽ ടെസ്പോറി സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. അതായത് 273 വില്ലേജ് അസിസ്റ്റൻറന്മാരേയും 1 ക്ലാർക്കിനേയും നിയമിച്ചിരിക്കുകയാണ്. അവരെ നിയമിച്ച് ഓർഡർ പാസ്സാക്കിയതു 1955 ആഗസ്റ്റ് 9-ാംനു- തീയതിയാണ്. എങ്കിലും അവർ ചാർജ്ജ് എടുത്തിട്ടുള്ളതു 1955 ആഗസ്റ്റ് 15-ാംനു- തീയതിയാണ്. ഇതിനു പ്രാബല്യം കൊടുക്കുന്നതിനും കൂടുതലായി വന്നിട്ടുള്ള ഈ തുക ചെലവാക്കുന്നതിനും സാധിച്ചിട്ടില്ലായിരുന്നു. ഈ സ്റ്റാഫിൻെറ ശമ്പളത്തിനും അലവൻസിനുമായി

LIBRARY ARCHIVES Kerala Legislative Assembly